# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വേലൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA TSR(P15)/345/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 17/05/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വേലൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വേലൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വേലൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA TSR(P15)/345/2022. തീയ്യതി: 17/05/2022

## തൃശ്ശൂർ ജില്ലയിലെ വേലൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വേലൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-01-2020 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2019 മുതൽ 31-03-2020 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 50 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 37 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 06-12-2021 | 17-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-12-2021 | 17-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.രാംമനോഹർ.വി.കെ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി.സുധ.ഇ.എൻ, അസി.ഓഡിറ്റ് ഓഫീസർ,
ശ്രീ.സുനിൽ.പി.ബി, അസി.ഓഡിറ്റ് ഓഫീസർ,
ശ്രീ.സ്റ്റാൻലി.പി.എസ്, അസി.ഓഡിറ്റ് ഓഫീസർ,
ശ്രീ.ജയൻ.വി.എസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ഷേർളി ദിലീപ് കുമാർ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി.വി.ജി.ശ്രീകല | സെക്രട്ടറി | 01-04-2019 | 14-07-2019 |
| ശ്രീ.സിബിച്ചൻ വർഗ്ഗീസ് | സെക്രട്ടറി | 15-07-2019 | 15-09-2019 |
| ശ്രീമതി.ലത.എം | സെക്രട്ടറി-**ഇൻ-ചാർജ്ജ്** | 16-09-2019 | 09-10-2019 |
| ശ്രീമതി.അനിത രാമൻ | സെക്രട്ടറി | 10-10-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സിനു.സി.വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ.ഷിബു കുമാർ | വെറ്ററിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| ജിഷ.കെ.ജി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| രശ്മി.പി.സി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ബീന ജോസ്.സി | ഹെഡ്മിസ്ട്രസ്സ് | 01-04-2019 | 31-05-2019 |
| ഷക്കീല.എൻ.എച്ച് | ഹെഡ്മിസ്ട്രസ്സ് | 01-06-2019 | 31-03-2020 |
| മനോജ്.എ.എൻ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ലിസ.വി.എ | അസി.എഞ്ചിനീയർ | 01-04-2019 | 29-07-2019 |
| സിജി ജോസ് | അസി.എഞ്ചിനീയർ | 30-07-2019 | 31-03-2020 |
| ഡോ.ശ്രീരാഗ്.വി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി (ഇൻ-ചാർജ്ജ്) | 01-04-2019 | 10-05-2019 |
| ഡോ.വിനീത്.വി.എൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, ഇൻ-ചാർജ്ജ് | 11-05-2019 | 24-06-2019 |
| ഡോ.സ്മിത കൊച്ചുമോൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി (ഇൻ-ചാർജ്ജ്) | 25-06-2019 | 05-09-2019 |
| ഡോ.വിനീത്.വി.എൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി (ഇൻ-ചാർജ്ജ്) | 06-09-2019 | 31-03-2020 |
| സുനില.വി.ജി | അസി.സെക്രട്ടറി | 01-04-2019 | 23-07-2019 |
| സുനിത.കെ | അസി.സെക്രട്ടറി (ഇൻ-ചാർജ്ജ്) | 24-07-2019 | 25-07-2019 |
| രമേഷ് കുമാർ.കെ.ആർ | അസി.സെക്രട്ടറി | 26-07-2019 | 26-07-2019 |
| ലത.എം | അസി.സെക്രട്ടറി | 27-07-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Ram Manohar V.K (Audit Officer (HG), On 16-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 08-04-2022) | 1-1 |
| 2 | ബജറ്റ് നിർദ്ദേശം സംബന്ധിച്ച പഞ്ചായത്ത് രാജ് നിയമത്തിലെയും, ചട്ടങ്ങളിലേയും വ്യവസ്ഥകളും ഗ്രാമപഞ്ചായത്തും.<br>Written By: Ram Manohar V.K (Audit Officer (HG), On 16-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 08-04-2022) | 1-1-1 |
| 3 | ബജറ്റും ബജറ്റ് നിയന്ത്രണവും (Budget And Budgetary Control)<br>Written By: Ram Manohar V.K (Audit Officer (HG), On 16-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 1-1-2 |
| 4 | വാർഷിക ധനകാര്യ പത്രിക<br>Written By: Jayan VS (Auditor, On 16-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 1-2 |
| 5 | സാമ്പത്തിക വിശകലനം<br>Written By: Jayan VS (Auditor, On 16-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 08-04-2022) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Jayan VS (Auditor, On 16-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 08-04-2022) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: Jayan VS (Auditor, On 16-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Jayan VS (Auditor, On 16-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 08-04-2022) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Jayan VS (Auditor, On 16-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: Jayan VS (Auditor, On 08-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Ram Manohar V.K (Audit Officer (HG), On 16-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Jayan VS (Auditor, On 08-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 1-10 |
| 13 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Sunil.P.B (Asst. Audit Officer, On 16-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 1-11 |
| 14 | വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയില്ല<br>Written By: Sunil.P.B (Asst. Audit Officer, On 16-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 1-11-1 |
| 15 | വസ്തുനികുതി അക്കൗണ്ടിംഗിലെ അപാകതകൾ<br>Written By: Sunil.P.B (Asst. Audit Officer, On 16-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 1-11-2 |
| 16 | കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ശരിയായി പരിപാലിച്ചിട്ടില്ല<br>Written By: Sunil.P.B (Asst. Audit Officer, On 16-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 1-11-3 |
| 17 | 280000000-Prior Period Item- അംഗീകരിക്കപ്പെട്ട വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല<br>Written By: Sunil.P.B (Asst. Audit Officer, On 16-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 1-11-4 |
| 18 | പ്രൊവിഷൻ രേഖപ്പെടുത്തിയതിന്റെ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല<br>Written By: Sunil.P.B (Asst. Audit Officer, On 16-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 1-11-5 |
| 19 | ജേണൽ വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല<br>Written By: Sunil.P.B (Asst. Audit Officer, On 16-12-2021) | 1-11-6 |

| | | |
|---|---|---|
| | Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | |
| 20 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Sunil.P.B (Asst. Audit Officer, On 16-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 1-11-7 |
| 21 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Sunil.P.B (Asst. Audit Officer, On 16-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 1-11-8 |
| 22 | തൊഴിലുറപ്പ് പദ്ധതി രേഖകൾ പൊരുത്തപ്പെടുന്നില്ല<br>Written By: Sunil.P.B (Asst. Audit Officer, On 16-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 1-11-9 |
| 23 | ഡെപ്പോസിറ്റ് രജിസ്റ്റർ,അഡ്വാൻസ് രജിസ്റ്റർ എന്നിവ ശരിയായി പരിപാലിച്ചിട്ടില്ല<br>Written By: Sunil.P.B (Asst. Audit Officer, On 16-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 1-11-10 |
| 24 | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് വരവുകൾക്ക് പ്രത്യേക ACR സൂക്ഷിച്ചിട്ടില്ല<br>Written By: Sunil.P.B (Asst. Audit Officer, On 16-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 1-11-11 |
| 25 | ബാങ്ക് റീകൺസീലിയേഷൻ പത്രികകൾ തയ്യാറാക്കിയതിലെ പൊരുത്തക്കേടുകൾ<br>Written By: Sunil.P.B (Asst. Audit Officer, On 16-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 1-11-12 |
| 26 | കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല<br>Written By: Sunil.P.B (Asst. Audit Officer, On 16-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 1-11-13 |
| 27 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ്,ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല<br>Written By: Sunil.P.B (Asst. Audit Officer, On 16-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 1-11-14 |
| 28 | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിൽ ഒരേ തുക തന്നെ രേഖപ്പെടുത്തുന്നു<br>Written By: Sunil.P.B (Asst. Audit Officer, On 16-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 1-11-15 |
| 29 | Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുകകൾ പൊരുത്തപ്പെടുന്നില്ല<br>Written By: Sunil.P.B (Asst. Audit Officer, On 16-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 1-11-16 |
| 30 | സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല.<br>Written By: Sunil.P.B (Asst. Audit Officer, On 16-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 1-11-17 |
| 31 | വികസനഫണ്ട്-മണ്ണിടിച്ചിലിലും ഉരുൾപ്പൊട്ടലിലും നാശനഷ്ടം സംഭവിച്ചിട്ടുള്ള പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ചിരുന്ന പ്രത്യേക വിഹിതം കണക്കിലെടുത്തിട്ടില്ല<br>Written By: Sunil.P.B (Asst. Audit Officer, On 16-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 1-11-18 |
| 32 | വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ<br>Written By: Jayan VS (Auditor, On 20-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 1-12 |
| 33 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ<br>Written By: Jayan VS (Auditor, On 17-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 1-13 |
| 34 | മത്സ്യകുളം ലേലം - അപാകതകൾ<br>Written By: Jayan VS (Auditor, On 20-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 1-14 |
| 35 | വസ്തു നികുതി ഗണം മാറി നിശ്ചയിച്ചിരിക്കുന്നു<br>Written By: Jayan VS (Auditor, On 17-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 1-15 |
| 36 | റോഡ് റിസ്റ്റൊറേഷൻ ചാർജ്ജ് ഈടാക്കിയതിലെ അപാകതകൾ<br>Written By: Jayan VS (Auditor, On 20-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 1-16 |
| 37 | പൗരാവകാശരേഖ പുതുക്കി കാലാനുസൃതമാക്കിയില്ല<br>Written By: Ram Manohar V.K (Audit Officer (HG), On 16-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 1-17 |

| | | |
|---|---|---|
| 38 | ഗ്രാമ പഞ്ചായത്തിലെ ദുരിതാശ്വാസ നിധി -- ചട്ടവ്യവസ്ഥകൾ പാലിക്കുന്നതിന് നടപടി ഉണ്ടാകേണ്ടതാണ്<br>Written By: Ram Manohar V.K (Audit Officer (HG), On 16-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 1-18 |
| 39 | അസറ്റ് മാനേജ്മെന്റ് മാന്വൽ --- നിർദ്ദേശങ്ങൾ നടപ്പിലായില്ല<br>Written By: Ram Manohar V.K (Audit Officer (HG), On 16-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 1-19 |
| 40 | പൊതുടാപ്പുകളുടെ വാട്ടർ ചാർജ്ജ്-സേവന ഉപനികുതി സാധ്യത പരിശോധിക്കേണ്ടതാണ്.<br>Written By: Sudha.E.N (Asst. Audit Officer, On 17-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 1-20 |
| 41 | തെരുവു വിളക്കുകൾക്ക് വൈദ്യുതി ചാർജ്ജ്-സേവന ഉപനികുതി സാധ്യത പരിശോധിക്കേണ്ടതാണ്<br>Written By: Sudha.E.N (Asst. Audit Officer, On 17-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 05-05-2022) | 1-21 |
| 42 | പ്രത്യേക കന്നുകുട്ടി പരിപാലനം- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Sudha.E.N (Asst. Audit Officer, On 17-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 1-22 |
| 43 | പത്ര പരസ്യം -സർക്കാർ നിർദ്ദേശപ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമായില്ല<br>Written By: Sunil.P.B (Asst. Audit Officer, On 17-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 1-23 |
| 44 | അഡ്വക്കേറ്റ് ഫീ - പ്രൊഫഷണൽ സേവനങ്ങൾക്ക് ടി.ഡി.എസ്. ഈടാക്കിയില്ല<br>Written By: Sunil.P.B (Asst. Audit Officer, On 17-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 1-24 |
| 45 | തെരുവ് വിളക്കുകളുടെ അറ്റകുറ്റപണി- കരാറുകാരനിൽ നിന്ന് നഷ്ടപരിഹാര തുക ഈടാക്കിയില്ല<br>Written By: Sunil.P.B (Asst. Audit Officer, On 17-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 1-25 |
| 46 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Sunil.P.B (Asst. Audit Officer, On 17-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 1-26 |
| 47 | മരാമത്ത് പണികൾ--പൊതുഅപാകതകൾ-സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്<br>Written By: Ram Manohar V.K (Audit Officer (HG), On 16-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 1-27 |
| 48 | മരാമത്ത് പണികൾ-- മാന്വൽ വ്യവസ്ഥകളും, ചട്ടവ്യവസ്ഥകളും, നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നില്ല<br>Written By: Ram Manohar V.K (Audit Officer (HG), On 16-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 1-28 |
| 49 | കുട്ടംകുളം കുടിവെള്ള പദ്ധതിക്കുള്ള മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കലും വൈദ്യുതീകരണവും (പ്രോജക്ട് നമ്പർ 174/20) – അപാകതകൾ<br>Written By: Ram Manohar V.K (Audit Officer (HG), On 16-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 1-29 |
| 50 | വടക്കുമുറി കുടിവെള്ളപദ്ധതി വാർഡ് 14- അപാകതകൾ<br>Written By: Ram Manohar V.K (Audit Officer (HG), On 16-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 1-30 |
| 51 | ജീവധാര കുടിവെള്ളപദ്ധതി വാർഡ് 2- ജനോപകാരപ്രദമാക്കാൻ സ്വീകരിച്ച നടപടി അറിയിക്കേണ്ടതാണ്<br>Written By: Ram Manohar V.K (Audit Officer (HG), On 16-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 1-31 |
| 52 | പാത്രമംഗലം - തോന്നല്ലൂർ കുടിവെള്ളപദ്ധതി - തുടർവിവരം ആവശ്യപ്പെടുന്നു<br>Written By: Ram Manohar V.K (Audit Officer (HG), On 16-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 1-32 |
| 53 | അർണോസ് നഗർ കുടിവെള്ളപദ്ധതി വാർഡ് 7 – നിർവ്വഹണ അപാകതകൾ<br>Written By: Ram Manohar V.K (Audit Officer (HG), On 16-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 1-33 |
| 54 | "വിവിധ കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ വാങ്ങുന്നതിന്" പ്രോജക്ട് നം. 175/20 – അപാകതകൾ | 1-34 |

| | | |
|---|---|---|
| | Written By: Ram Manohar V.K (Audit Officer (HG), On 16-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | |
| 55 | കാലിബാരൽ വില ഈടാക്കാതെ കരാറുകാർക്ക് ബിൽ തുക അനുവദിച്ചതിനാൽ അധിക ചെലവ്<br>Written By: Ram Manohar V.K (Audit Officer (HG), On 16-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 1-35 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കാലിബാരൽ വില ഈടാക്കാതെ കരാറുകാർക്ക് ബിൽ തുക അനുവദിച്ചതിനാൽ അധിക ചെലവ്<br>Written By: Ram Manohar V.K (Audit Officer (HG), On 16-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 3-1 |
| 2 | "വിവിധ കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ വാങ്ങുന്നതിന്" പ്രോജക്റ്റ് നം. 175/20 – അപാകതകൾ<br>Written By: Ram Manohar V.K (Audit Officer (HG), On 16-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 3-2 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayan VS (Auditor, On 07-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരം<br>Written By: Jayan VS (Auditor, On 07-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച്<br>Written By: Jayan VS (Auditor, On 07-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Jayan VS (Auditor, On 07-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ സംബന്ധിച്ച വിവരം<br>Written By: Jayan VS (Auditor, On 07-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Jayan VS (Auditor, On 07-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Jayan VS (Auditor, On 07-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ്<br>Written By: Jayan VS (Auditor, On 07-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayan VS (Auditor, On 07-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Jayan VS (Auditor, On 07-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 11-04-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

ഗ്രാമ പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 16.02.19 ലെ തീരുമാനം 85 പ്രകാരം 2019-20 വർഷത്തെ ബജറ്റ് തയ്യാറാക്കിയത് അംഗീകരിക്കുകയും ആയത് പാസ്സാക്കുന്നതിന് പഞ്ചായത്ത് കമ്മറ്റിയോട് ശുപാർശ ചെയ്യുകയും ചെയ്തു. 22.02.19ലെ ഭരണസമിതി യോഗത്തിൽ വൈസ് പ്രസിഡന്റ് കരട് ബജറ്റ് ചർച്ചകൾക്കും നിർദ്ദേശങ്ങൾക്കുമായി അവതരിപ്പിച്ചു. ഇതനുസരിച്ച് മുൻബാക്കി 1,12,07,648.71 രൂപയും, പ്രതീക്ഷിത വരുമാനം 16,78,53,020 രൂപയും ചേർത്ത് ആകെ വരവ് 17,90,60,668.71 രൂപയും ആകെ ചെലവ് 16,97,85,150 രൂപയും നീക്കിബാക്കി 92,75,518.71 രൂപയും ആണ്. ഉടർന്ന് പഞ്ചായത്ത് ഭരണസമിതിയുടെ 27.02.19 ലെ തീരുമാനം 1(1) പ്രകാരം 2019-20 വർഷത്തെ ബജറ്റ് വ്യത്യാസങ്ങളില്ലാതെ അംഗീകരിച്ചു. 24.03.20 ലെ സാധാരണ യോഗത്തിലെ തീരുമാനം 1(1) പ്രകാരം പഞ്ചായത്ത് ഭരണസമിതി (ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി 21.03.20 ലെ തീരുമാനം 2 പ്രകാരം അംഗീകരിച്ച) 2019-20 വർഷത്തെ പുതുക്കിയ ബജറ്റ് അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരം മുൻബാക്കി 36,67,241.71 രൂപയും, പ്രതീക്ഷിത വരുമാനം 13,50,02,556 രൂപയും ചേർത്ത് ആകെ വരവ് 13,86,69,797.71 രൂപയും ആകെ ചെലവ് 13,47,82,343 രൂപയും നീക്കിബാക്കി 38,87,454.71 രൂപയും ആണ്. പഞ്ചായത്ത് ബജറ്റ് തയ്യാറാക്കുന്നതിനും, പുതുക്കുന്നതിനും, പാസ്സാക്കുന്നതിനും സ്വീകരിക്കേണ്ട നിയമപരമായ ബാധ്യതകൾ എത്രത്തോളം നിർവ്വഹിച്ചു എന്ന് പരിശോധിക്കുന്നതിനാണ് ഓഡിറ്റിൽ ലക്ഷ്യമിട്ടത്.

### 1-1-1 ബജറ്റ് നിർദ്ദേശം സംബന്ധിച്ച പഞ്ചായത്ത് രാജ് നിയമത്തിലെയും, ചട്ടങ്ങളിലേയും വ്യവസ്ഥകളും ഗ്രാമപഞ്ചായത്തും.

1) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി 175 ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഓരോവർഷവും ജനവരി 15 ാം തീയതിക്കു മുൻപായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. ഗ്രാമ പഞ്ചായത്തിലെ വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ അതാതിന് കീഴിൽ വരുന്ന ഉദ്യോഗസ്ഥരിൽ നിന്നും അവരവരുടെ വിഷയവുമായി ബന്ധപ്പെട്ട് വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. അതേ സമയം വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ അതാതിന് കീഴിൽ വരുന്ന നോൺ പ്ലാൻ സംബന്ധിച്ച ബജറ്റ് നിർദ്ദേശങ്ങൾ അംഗീകരിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിച്ചതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുള്ളതിന്റെ വിശദവിവരം താഴെ പട്ടികപ്പെടുത്തുന്നു.

| സ്റ്റാന്റിംഗ് കമ്മറ്റി | ശുപാർശ തീയതി | റിമാർക്സ് |
|---|---|---|
| ആരോഗ്യ വിദ്യാഭ്യാസം | 14.01.19 | സമയപരിധിക്കകം. |
| വികസനം | 07.01.19 | സമയപരിധിക്കകം. |
| ക്ഷേമകാര്യം | 10.01.19 | സമയപരിധിക്കകം. |

10.01.19 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം -82 പ്രകാരം, 2019-20 ബജറ്റ് രൂപീകരണത്തോടനുബന്ധിച്ച് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ പദ്ധതിയേതര ചെലവുകൾക്ക് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ അംഗീകാരം നൽകിയത് വായിച്ച് അംഗീകരിച്ചിരുന്നു. ഇപ്രകാരം അംഗീകാരം നൽകുമ്പോൾ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി അതിന്റെ തീരുമാനം അറിയിച്ചിട്ടില്ലാത്തതാണ്. ഇതിനു പുറമെ, എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും പൂർണ്ണമായും ബജറ്റ് നിർദ്ദേശങ്ങൾ ലഭിച്ചു എന്ന് ഉറപ്പാക്കത്തക്ക മറ്റ് രേരേഖപ്പെടുത്തലുകൾ മിനുട്സിൽ ചേർത്തിട്ടില്ലാത്തതാണ്. അതുകൊണ്ടുതന്നെ ഗ്രാമപഞ്ചായത്തിൽ ബജറ്റ് തയ്യാറാക്കിയത് ആവശ്യമായ അടിസ്ഥാനവിവരങ്ങളുടെ അഭാവത്തിലാണെന്ന് ന്യായമായും കരുതാവുന്നതാണ്.

2) ഇപ്രകാരം സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങളേയും കേരള പഞ്ചായത്ത് രാജ് നിയമത്തിലെ എല്ലാ ആവശ്യങ്ങളേയും പരിഗണിച്ചുകൊണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അതിൽ നിന്നും പഞ്ചായത്തിന്റെ അടുത്ത വർഷത്തേക്കുള്ള വരവ് ചെലവ് കാണിക്കുന്ന ഒരു ബജറ്റ് തയ്യാറാക്കേണ്ടതായുണ്ട്. അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ മാർച്ച് മാസത്തെ ആദ്യത്തെ ആഴ്ച പഞ്ചായത്ത് മുൻപാകെ അതിന്റെ പ്രത്യേക യോഗത്തിൽ അംഗീകാരത്തിനായി സമർപ്പിക്കണം. ഇപ്രകാരം ലഭിക്കുന്ന നിർദ്ദേശങ്ങൾ പഞ്ചായത്ത് പരിഗണിക്കുകയും ബജറ്റ് എസ്റ്റിമേറ്റ് ഏതു വർഷത്തെ സംബന്ധിച്ചതാണോ ആ വർഷം തുടങ്ങുന്നതിനു മുൻപായി ഭേദഗതികൾ സഹിതം പാസ്സാക്കേണ്ടതുമാണ്.

ഗ്രാമ പഞ്ചായത്ത് ബജറ്റ് എസ്റ്റിമേറ്റ് ഏതു വർഷത്തെ സംബന്ധിച്ചതാണോ ആ വർഷം തുടങ്ങുന്നതിനു മുൻപായി പരിഗണിക്കുകയും പാസ്സാക്കുകയും ചെയ്തിട്ടുണ്ട്.

3) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 71 അനുസരിച്ച് അക്രൂവൽ അടിസ്ഥാനത്തിലുള്ള ബജറ്റാണ് പഞ്ചായത്ത് തയ്യാറാക്കേണ്ടത്. ബജറ്റ് എസ്റ്റിമേറ്റിനൊപ്പം താഴെ നിർദ്ദേശിക്കുന്ന പത്രികകൾ കൂടി ഉണ്ടായിരിക്കേണ്ടതാണ്.

(I) റവന്യൂ വരുമാനം സംബന്ധിച്ച എസ്റ്റിമേറ്റ്

(Ii) റവന്യൂ ചെലവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Iii) മൂലധന വരവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Iv) മൂലധന ചെലവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(V) വായ്പാ തിരിച്ചടവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Vi) വായ്പകളും മുൻകൂറുകളും സംബന്ധിച്ച എസ്റ്റിമേറ്റ്

(Vii) ഡെപ്പോസിറ്റുകളും, റിക്കവറികളും സംബന്ധിച്ച എസ്റ്റിമേറ്റ്

(Viii) നിക്ഷേപങ്ങൾ സംബന്ധിച്ച എസ്റ്റിമേറ്റ്

എന്നാൽ പഞ്ചായത്ത് അംഗീകരിച്ച ബജറ്റിൽ ഡെപ്പോസിറ്റുകളും, റിക്കവറികളും സംബന്ധിച്ച എസ്റ്റിമേറ്റ്, നിക്ഷേപങ്ങൾ സംബന്ധിച്ച എസ്റ്റിമേറ്റ് എന്നിവ സംബന്ധിച്ച പ്രത്യേകം പത്രികകൾ ഉൾപ്പെടുത്തിയിട്ടില്ല.

4) ബജറ്റ് പാസ്സാക്കി കഴിഞ്ഞാലുടനെ ആയതിന്റെ പകർപ്പ് ഓഡിറ്റർമാർക്ക് നൽകേണ്ടതാണെന്ന കേരള പഞ്ചായത്ത് രാജ് നിയമം 214 (7) വകുപ്പനുസരിച്ച വ്യവസ്ഥ പാലിച്ചിട്ടില്ല.

## 1-1-2 ബജറ്റും ബജറ്റ് നിയന്ത്രണവും (Budget And Budgetary Control)

(I)പ്രതിമാസ അവലോകനം

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ മാസം തോറുമുള്ള അവലോകനം (Review), വരുമാനവും ചെലവും സംബന്ധിച്ച് മാന്വലിൽ വ്യക്തമാക്കിയ പട്ടികകൾ [(Table-കൾ) Table 4-1, Table 4-2] പ്രകാരം വിവരം തയ്യാറാക്കി നടത്താൻ ബജറ്റ് മാന്വൽ ഖണ്ഡിക 4-3 നിഷ്കർഷിക്കുന്നു. ഇപ്രകാരമുള്ള അവലോകനം എല്ലാ മാസവും 1-ാം തീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4(iii)]. ഗ്രാമപഞ്ചായത്തിന്റെ എല്ലാ മാസത്തേയും വരവ് ചെലവ് കണക്കുകൾ (സാംഖ്യ പ്രകാരമുള്ളത്) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിഗണിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും (മിനുട്സിൽ) മുകളിൽ വ്യക്തമാക്കിയ പ്രകാരമുള്ള മാസം തോറുമുള്ള ബജറ്റ് അവലോകനം നടന്നിട്ടില്ല.

മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം (2019-20 സാമ്പത്തിക വർഷത്തെ സംബന്ധിച്ച്) നടത്തിയിട്ടില്ല.

പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 (Xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനവും നടത്തിയിട്ടില്ല.

(ii) അനുപൂരകമോ പുതുക്കിയതോ ആയ ബജറ്റ്

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 72 അനുസരിച്ച് ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ, ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവ് ചെയ്യുന്നതിന് മുൻപ് അനുപൂരക ബജറ്റോ, പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് ബജറ്റ് പാസ്സാക്കി കഴിഞ്ഞ ശേഷം വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ശുപാർശ ചെയ്ത് അംഗീകരിച്ച തീരുമാനങ്ങൾ പ്രകാരം ബജറ്റ് പുതുക്കൽ അനിവാര്യമാകേണ്ടിയിരുന്ന ചില സന്ദർഭങ്ങൾ ചുവടെ ചേർക്കുന്നു.

28.05.19 ലെ വികസനസ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം (1) പ്രകാരം, 2018-19 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പൂർത്തീകരിക്കാത്ത 71 പ്രോജക്ടുകൾ സ്പിൽ ഓവറായി കൊണ്ടുവരുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ ബജറ്റ് പുതുക്കിയില്ല.

പഞ്ചായത്ത് പാസ്സാക്കിയ ബജറ്റിൽ വികസനഫണ്ട് (ജനറൽ + എസ്.സി.പി + സി.എഫ്.സി) വിഹിതമായി ചേർത്തിരിക്കുന്നത് 3,19,60,000 രൂപയാണ്. എന്നാൽ സംസ്ഥാന നിയമസഭ അംഗീകരിച്ച സംസ്ഥാന ബജറ്റിന്റെ Annexure IV പ്രകാരം ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ട് വിഹിതമായി നിശ്ചയിച്ചിട്ടുള്ളത് 3,18,41,000 രൂപയാണ്. പഞ്ചായത്ത് പാസ്സാക്കിയ ബജറ്റിൽ മെയിന്റനൻസ് ഫണ്ട് വിഹിതമായി ചേർത്തിരിക്കുന്നത് 2,06,58,000 രൂപയാണ്. എന്നാൽ സംസ്ഥാന നിയമസഭ അംഗീകരിച്ച സംസ്ഥാന ബജറ്റിന്റെ Annexure IV പ്രകാരം ഗ്രാമപഞ്ചായത്തിന്റെ മെയിന്റനൻസ് ഫണ്ട് വിഹിതമായി (റോഡ് & നോൺ റോഡ്) നിശ്ചയിച്ചിട്ടുള്ളത് 2,41,50,000 രൂപയാണ്. സംസ്ഥാന ബജറ്റ് വിഹിതമനുസരിച്ച് പ്രോജക്ടുകൾ പരിഷ്കരിച്ചപ്പോൾ ബജറ്റ് പുതുക്കേണ്ടതായിരുന്നു. എന്നാൽ ബജറ്റ് പുതുക്കിയില്ല.

മേൽ വിവരിച്ച പ്രകാരമുള്ള ബജറ്റ് നിയന്ത്രണം സംബന്ധിച്ച വ്യവസ്ഥകൾ പാലിക്കാതെയാണ് പഞ്ചായത്ത് ഭരണസമിതി 21.03.20 ൽ ചേർന്ന യോഗത്തിലെ തീരുമാനം നമ്പർ (2) അനുസരിച്ച് 2019-20 ലെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുള്ളത്. 2020-21ലെ ബജറ്റ് അംഗീകാരത്തിന് പരിഗണിക്കുമ്പോൾ മാത്രം 2019-20ലെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുള്ളത് പ്രസ്തുത സാമ്പത്തിക വർഷത്തിൽ (2019-20) ബജറ്റിൽ വകയിരുത്താത്ത തുകകൾ ചെലവ് ചെയ്യുന്നതിനുള്ള അനുമതി നൽകുന്ന പുതുക്കിയ ബജറ്റായി കണക്കാക്കാൻ പാടില്ല എന്ന് കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 72 വ്യക്തമാക്കിയിട്ടുണ്ട്.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 73 അനുസരിച്ച് ഉചിതമായ ബജറ്റ് നിയന്ത്രണം കൈവരുത്തുന്നതിനുള്ള ഉത്തരവാദിത്തം സെക്രട്ടറിക്കും, നിർവ്വഹണ ഉദ്യോഗസ്ഥനും അക്കൗണ്ടന്റിനുമായിരിക്കും എന്ന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ബജറ്റ് നിയന്ത്രണം സംബന്ധിച്ച വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2020 | 13-01-2021 |

## 1-3 സാമ്പത്തിക വിശകലനം

(സംക്ഷിപ്ത വിവരം)

| - | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 2,11,44,335.71 |
| ഓഡിറ്റ് വർഷത്തെ വരവ് | 6,31,96,544.00 |
| ആകെ | 8,43,40,879.71 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 6,25,10,328.00 |
| നീക്കിയിരിപ്പ് | 2,18,30,551.71 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 14624588 | 14624588 | 10310576 | 4314012 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 9471882 | 9471882 | 5704745 | 3767137 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 120295 | 120295 | 0 | 120295 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 20426000 | 20426000 | 7398599 | 13027401 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3724000 | 3724000 | 2258477 | 1465523 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 9673385 | 9673385 | 6436102 | 3237283 |
| സാക്ഷരത | 10381 | 958 | 11339 | 0 | 11339 |
| ദുരിതാശ്വാസനിധി | 13860 | 3506 | 17366 | 0 | 17366 |
| ICDS | 1036533 | 575144 | 1611677 | 758661 | 853016 |
| Keralolsavam | 0 | 20000 | 20000 | 20000 | 0 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | ചെലവിന്റെ ശതമാനം |
|---|---|---|---|---|---|---|
| 236 | 109507503 | 114 | 43937975 | 10 | 112 | 40.12% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 15511.36 | 1002364 | 1015875.36 | 663917.36 | 351958 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 11288757 | 11288757 | 11288757 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| കർഷകതൊഴിലാളിപെൻഷൻ | 3427800 | 585 |
| വിധവാപെൻഷൻ | 7371200 | 1282 |
| വാർദ്ധക്യകാലപെൻഷൻ | 11153100 | 2004 |
| വികലാംഗപെൻഷൻ | 2301800 | 398 |
| 50 വയസ്സിന്മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1131000 | 199 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 150000 | 5 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.12.2021 തീയതിയിൽ 3.00 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 56621/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ കാണപ്പെട്ട പോരായ്മകൾ ബജറ്റ്, അക്കൗണ്ടിങ്ങ്, നികുതി ചുമത്തലും നിയന്ത്രണാധികാരപ്രയോഗവും, പദ്ധതി നിർവ്വഹണം എന്നീ വിവിധ ശീർഷകങ്ങളിലായി ഈ ഓഡിറ്റ് റിപ്പോർട്ടിൽ അതാത് ഓഡിറ്റ് ശീർഷകങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 18/02/2021, 19/02/2021, 22/02/2021 | 2020 ഏപ്രിൽ മുതൽ ഡിസംബർ വരെ | 11/07/2021 |
| അക്കൗണ്ടന്റ് ജനറൽ | 13/10/2016 മുതൽ 26/10/2016 വരെ | 2010-11 മുതൽ 2015-16 വരെ | 25/11/2016 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

### 1-11-1 വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. [(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)]

### 1-11-2 വസ്തുനികുതി അക്കൗണ്ടിംഗിലെ അപാകതകൾ

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

2.1 തൻവർഷം

2.1.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 28,77,939 | 27,07,438 | 31,463 | 1,39,038 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ | 28,77,939<br>(ഇൻകം | 27,07,938<br>(റസീറ്റ് & | 40,343<br>( 350410101- | *138526<br>*(145452/105X100) |

| | | | | |
|---|---|---|---|---|
| പ്രകാരം | &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | = (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

2.1.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 17,65,706 | 16,07,856 | 1,12,606 | 45,244 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 17,65,706 | 16,07,856 | 70,802 | *45,264 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(47527/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.2 കുടിശ്ശിക

2.2.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 11576 | 6217 | 5359 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *10354 | 50,021 | ** 5331 |
| | *(2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (1466+9406=10872/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (5598/105X100)=5331 |

2.2.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 8,523 | 5,316 | 3,207 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *254697 | 5,316 | **3,217 |
| | (2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(206,455+60,977=267432/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(3378/105X100)=3,217ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" | റെസിഡൻഷ്യൽ | 146829 | 579 | 147408 | 135785 | 340 | 136125 | 4130 | | 6914 | 231 | 7153 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| സോഫ്റ്റ്‌വെയർ പ്രകാരം | നോൺ-റെസിഡൻഷ്യൽ | 89593 | 440 | 90033 | 83261 | 269 | 82832 | 4310 | | 2283 | 171 | 2447 |
| | ആകെ | | | 2,37,441 | | | 2,18,957 | 8440 | | | | 9600 |
| | | | | 2,36,422 | | | 2,19,655 | | 2,27,834 | | | 9607 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | | | 236422+13,321 = (2018-19ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 -State Govt Cess/levies. ലെഡ്ജർ 2018-19) | | | (റസീറ്റ് & പേയ്മെന്റ് പത്രിക,ഷെഡ്യൂൾ ആർ.പി-36(വരവ്)) | | (431910101 -State Govt Cess/levies ലെഡ്ജർ 2018-19) | | | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.4."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ:2.1.1, 2.1.2, 2.2.1,.2.2.2, 2.3 എന്നീ ഖണ്ഡികയിലെ പട്ടികകൾ).

2.5 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2020 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 607,811 | 7513 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 651540 | 2798 |

2.6 01/04/2019 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് {കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)}. പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2019-20 വർഷത്തിൽ വേലൂർ ഗ്രാമപഞ്ചായത്തിൽ 292 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2018-19 ലെ “110100101-Property Tax On Residential Building”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Building” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

2.7 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 2,19,655 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 2,18,957 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ട് തുകയുമല്ല, മറിച്ച് 2,27,834 രൂപയാണ്.

2.8 2018-19 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/03/2019 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2019-20 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. “Prior Period Items” എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൌച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/19 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2019-20ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues - Property Tax On Residential Building | 36530 | 29,723 |
| 2 | 350410104-Advance Collection Of Revenues - Property Tax On Non-Residential Building | 12475 | 9978 |

2.9 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 201955 രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax” എന്ന ശീർഷകത്തിൽ വരേണ്ട തുക 9617 (201955/105X5 ) ആണ്.എന്നാൽ ഈ ശീർഷകത്തിൽ 9607 രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

## 1-11-3 കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ശരിയായി പരിപാലിച്ചിട്ടില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3 ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

4 ലൈബ്രറി രജിസ്റ്റർ

5 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

## 1-11-4 280000000-Prior Period Item- അംഗീകരിക്കപ്പെട്ട വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് ഉതകുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2020ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income-Property Tax On Residential Buildings | 6,02,170 |
| 280100102-Prior Period Income-Profession Tax - Institutions/Professionals/Traders | (-)1250 |
| 280100104-Prior Period Income-Property Tax On Non Residential Buildings | 9,95,037 |
| 280200401-Prior Period Income -Other Incomes | 2,509 |

## 1-11-5 പ്രൊവിഷൻ രേഖപ്പെടുത്തിയതിന്റെ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011 (ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ കണക്കാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല .

## 1-11-6 ജേണൽ വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത് പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-11-7 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-11-8 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 6,86,216 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 82,10,551 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-11-9 തൊഴിലുറപ്പ് പദ്ധതി രേഖകൾ പൊരുത്തപ്പെടുന്നില്ല

പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6,I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും ₹1,17,48,675 എന്നതാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം 1,20,99,000 എന്നതാണ് ആയതിൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഈ തുകയിൽ പഞ്ചായത്തിൽ ആസ്തികൾ നിർമിക്കുന്നതിനുള്ള 33,57,800 രൂപയുടെ മൂലധനചെലവും ഉൾപ്പെടുന്നു. ഈ തുക തെറ്റായി റവന്യൂവരുമാനവും ചെലവുമായി രേഖപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ള ആകെ വരുമാനം, ചെലവ് എന്നിവ ₹33,57,800 കൂടുതലായി കാണിക്കുന്നു. ബാലൻസ്ഷീറ്റില് ₹33,57,800 ആസ്തികളും, തത്തുല്യമായ തുകയ്ക്കുള്ള കാപ്പിറ്റൽ കോണ്ട്രിബ്യൂഷൻ തുകയും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇത് തിരുത്തേണ്ടതാണ്.

## 1-11-10 ഡെപ്പോസിറ്റ് രജിസ്റ്റർ,അഡ്വാൻസ് രജിസ്റ്റർ എന്നിവ ശരിയായി പരിപാലിച്ചിട്ടില്ല

340100201 Contractors Security Deposit, 340200102 Auction Deposit, 340200199 Other Deposits Revenue, 340800101 Deposit Received From Others എന്നീ ഇനങ്ങളുടെ രേഖപ്പെടുത്തലുകൾ ഡെപ്പോസിറ്റ് രജിസ്റ്ററിലും, 460100199 Other Advances രേഖപ്പെടുത്തലുകൾ അഡ്വാൻസ് രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടില്ല. രേഖപ്പെടുത്തലുകളുടെ അഭാവത്തിൽ മേൽ ഇനങ്ങളുടെ വാർഷിക കണക്കിലെ കൃത്യത പരിശോധിച്ച് ബോദ്ധ്യപ്പെടുന്നതിനായില്ല.

## 1-11-11 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് വരവുകൾക്ക് പ്രത്യേക ACR സൂക്ഷിച്ചിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നിവയ്ക്ക് പ്രത്യേകം ACR എഴുതി സൂക്ഷിച്ചിട്ടില്ല.

## 1-11-12 ബാങ്ക് റീകൺസീലിയേഷൻ പത്രികകൾ തയ്യാറാക്കിയതിലെ പൊരുത്തക്കേടുകൾ

ബാങ്ക് റീകൺസീലിയേഷൻ പത്രികകൾ തയ്യാറാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു. (കേരള പഞ്ചായത്ത് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 57)

| ക്രമ നം. | ബാങ്ക് | B-17 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് | റിമാർക്സ് |
|---|---|---|---|
| 1 | 450220102 | 858284 | ബാങ്ക് റീകൺസീലിയേഷൻ |

| | | | |
|---|---|---|---|
| | South Indian Bank Own Fund | | പത്രികയിൽ ബാങ്ക് ബുക്ക് പ്രകാരമുള്ള വർഷാന്ത്യ നീക്കിയിരിപ്പ് 751646 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് ആയത് ബാങ്ക് ബുക്കിലെ വർഷാന്ത്യനീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല |
| 2 | 450250110 ട്രഷറി ടി.എസ്.ബി. അക്കൗണ്ട് | 13661548 | ട്രഷറി ടി.എസ്.ബി അക്കൗണ്ട് പാസ്ബുക്ക് പ്രകാരമുള്ള വർഷാന്ത്യനീക്കിയിരിപ്പ് 12654239 ഉം റീകൺസീലീയേഷൻ പത്രിക പ്രകാരംബാങ്ക് പാസ്ബുക്ക് വർഷാന്ത്യനീക്കിയിരിപ്പ് 13833988 ഉം ആണ്, വ്യത്യാസം വിശദീകരിക്കേണ്ടതാണ്. |

### 1-11-13 കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque” എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല

1-11-13-1 വേലൂർ കോ-ഓപ്പറേറ്റീവ് ബാങ്ക് (സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നം.3072) തനത് ഫണ്ട് അക്കൗണ്ടിലെ താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque” എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 46)). ആയത് ക്രമീകരിക്കേണ്ടതാണ്.

| വൗച്ചർ നം. | ചെക്ക് നമ്പർ/ | തീയതി | തുക |
|---|---|---|---|
| 21701150/ 28.02.18 | 198994 | 28-2-18 | 635 |
| 21700756/ 14-11-17 | 196390 | 10-11-17 | 900 |
| 21700550/ 19-09-17 | 196734 | 19-11-17 | 500 |
| 21800540/ 18.09.18 | 199944 | 19-9-18 | 175 |
| 31800180/ 26-09-18 | 199908 | 4-8-18 | 443 |
| 21800546/ 29-09-18 | - | 30-4-18 | 123 |
| 21800547/ 29-09-18 | - | 30-6-18 | 105 |
| 21800548/ 29-09-18 | - | 31-7-18 | 60 |
| 21800334/ 12.07.18 | 199783 | 12-7-18 | 500 |
| 21700252/ 12.06.17 | 195244 | 12-6-17 | 310 |
| 31600214/ 06.10.16 | | | 500 |
| 21600507/ 22.09.16 | 185235 | 22-9-16 | 250 |
| 21500706/ 28.11.15 | 175250 | 28-11-15 | 500 |
| 21500566/ 06.10.15 | 180809 | 6-10-15 | 720 |
| 21300813/ 17.10.13 | 158650 | 17-10-13 | 1260 |
| 21300386/ 26.07.13 | 158236 | 26-7-13 | 500 |
| 21300441/ 07.08.13 | 158249 | 7-8-13 | 501 |
| 21301109/ 13.01.14 | 158558 | 13-1-14 | 200 |
| 21301293/ 28.02.14 | 158486 | 28-2-14 | 350 |
| നമ്പർ ലഭ്യമല്ല/01.04.12 | - | 1-4-12 | 7061 |
| 21200604/ 21.03.13 | 157323 | 21-3-13 | 500 |
| 21300060/ 25.04.13 | 157111 | 25-4-13 | 70 |
| 21300293/ 09.07.13 | 158221 | 9-7-13 | 332 |
| 21300446/ 07.08.13 | 158105 | 7-8-13 | 3371 |
| 21300634/ 13.09.13 | 158615 | 13-9-13 | 750 |
| 21300812 / 17.10.13 | 158649 | 17-10-13 | 500 |
| 21800924/ 28.12.18 | 200046 | 28-12-18 | 400 |
| 21601327/ 02.03.16 | - | 2-3-16 | 30 |
| 21701499 /27.03.18 | 199377 | 27-3-18 | 900 |

| | | | |
|---|---|---|---|
| 21800549/ 29.09.18 | - | 31-8-18 | 60 |
| 21800248/ 21.06.18 | 199756 | 21-6-18 | 950 |
| 21801274/ 18.03.19 | 207772 | 18.03.19 | 4900 |
| 21801486/ 31.03.19 | 210103 | 31.03.19 | 2060 |
| 21801506/ 30.03.19 | - | 30.03.19 | 1583 |
| 21801508/ 30.03.19 | - | 30.03.19 | 1080 |
| 21900569/ 18.10.19 | 208580 | 18.10.19 | 1,000 |

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ- ട്രഷറി ബാങ്ക് (450610101)

| വൗച്ചർ നം. | ചെക്ക് നമ്പർ/ | തീയതി | തുക |
|---|---|---|---|
| 21900218/ 20.06.19 | 722109 | 19.06.19 | 2738 |

1-11-13-2 വേലൂർ കോ-ഓപ്പറേറ്റീവ് ബാങ്ക്(സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നം.3072) തനത് ഫണ്ട് അക്കൗണ്ട് ബാങ്ക് റീകൺസിലിയേഷൻ പത്രിക പ്രകാരം 485636 രൂപ “Cheques Deposited But Not Credited” ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത താഴെ ചേർത്തിരിക്കുന്ന ചെക്കുകൾ ഉൾപ്പെടുന്നു. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

| വൗച്ചർ നമ്പർ | തീയതി | തുക |
|---|---|---|
| 118070900022 | 26-9-18 | 30 |
| 31600202 | 27-9-16 | 500 |
| 11516400001 | 28-04-15 | 1250 |
| 118040900072 | 30.03.19 | 4 |
| 31700392 | 20-3-18 | 8340 |

1-11-13-3 വേലൂർ കോ-ഓപ്പറേറ്റീവ് ബാങ്ക് (സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നം.3072) തനത് ഫണ്ട് അക്കൗണ്ടിലെ ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്കിൽ വന്ന താഴെ ചേർത്തിരിക്കുന്ന ഡെബിറ്റ് തുകകൾ 31/3/2020 വരെയുള്ള എല്ലാ മാസവും റീകൺസിലിയേഷൻ പത്രികയിൽ ഈ തുക " Directly Debited By Bank” എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി വരികയാണ് ചെയ്തിട്ടുള്ളത്. ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക തിരികെ പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും, പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ അത് ഉചിതമായ ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുക ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2019-20 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

| ചെക്ക് നം. | തിയതി | തുക |
|---|---|---|
| - | 30.03.2019 | 71 |
| 21500829 | 22.12.2015 | 500 |
| 455517 | 17.03.16 | 20 |
| - | 02.12.2002 | 30 |
| ആകെ | | 621 |

1-11-13-4 “Directly Credited By Bank” എന്ന ഇനത്തിൽ 1505 രൂപ (സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നം.3072)ൽ ഉൾപ്പെടുത്തിയാണ് റീകൺസിലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

| തീയ്യതി | ചെക്ക് നം | തുക |
|---|---|---|
| 06.10.16 | 31600214 | 500 |
| 27.09.16 | 31600202 | 500 |
| 12.11.16 | 31600308 | 500 |
| 27.07.18 | - | 1 |
| 03.05.19 | - | 1 |
| 05.01.19 | - | 3 |
| ആകെ | | 1505 |

ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് പഞ്ചായത്തിന് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുകകൾ ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2019-20 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

## 1-11-14 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ്,ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല

2019-20 വർഷത്തെ Income And Expenditure പത്രിക പ്രകാരം 557898 രൂപ ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്,ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

### 1-11-15 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിൽ ഒരേ തുക തന്നെ രേഖപ്പെടുത്തുന്നു

31/3/2019 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ് (56,665,801) 31/3/2020 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം "Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൌണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

### 1-11-16 Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുകകൾ പൊരുത്തപ്പെടുന്നില്ല

Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 13,03,032 രൂപയാണ്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/20 വരെ പാർട്ട് ബിൽ നല്കിയ സംഖ്യയായി വ്യക്തമാക്കിയിട്ടുള്ളത് ₹5,06,921/- എന്നതുമാണ്. ഈ പൊരുത്തക്കേട് വിശദീകരിക്കേണ്ടതാണ്.

### 1-11-17 സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല.

സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 58,4(എ).

### 1-11-18 വികസനഫണ്ട്-മണ്ണിടിച്ചിലിലും ഉരുൾപ്പൊട്ടലിലും നാശനഷ്ടം സംഭവിച്ചിട്ടുള്ള പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ചിരുന്ന പ്രത്യേക വിഹിതം കണക്കിലെടുത്തിട്ടില്ല

19-02-20ലെ സർക്കാർ ഉത്തരവ് നം.(സാധാ)1381/20 പ്രകാരം മണ്ണിടിച്ചിലിലും ഉരുൾപ്പൊട്ടലിലും നാശനഷ്ടം സംഭവിച്ചിട്ടുള്ള പ്രാദേശിക സർക്കാരുകൾക്ക് പ്രത്യേക വിഹിതം സർക്കാർ അനുവദിച്ചിരുന്നതാണ്. ആയതു പ്രകാരം വേലൂർ ഗ്രാമ പഞ്ചായത്തിന് ₹25,00,000 വികസനഫണ്ട് (ജനറൽ), ₹1,20,295/- വികസനഫണ്ട് (എസ്.സി.പി) അനുവദിച്ചിട്ടുണ്ട്. വികസനഫണ്ട് (ജനറൽ)ൽ അനുവദിച്ച ₹25,00,000/- എ.സി.ആറിൽ വരവിലെടുത്തിട്ടുണ്ട് എന്നാൽ വികസനഫണ്ട് (എസ്.സി.പി)യിൽ അനുവദിച്ച ₹1,20,295/- കണക്കിലെടുത്തിട്ടില്ല ആയതിന്റെ കാരണം അറിയിക്കേണ്ടതാണ്.

### 1-12 വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31-10-2017 ലെ സ.ഉ.(പി)നം.80/2017 (SRO No.674/2017) പ്രകാരം 1996ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് പുറപ്പെടുവിച്ച ഭേദഗതികൾ പ്രകാരം ടി ചട്ടത്തിന്റെ പേര് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നാക്കി മാറ്റിയിട്ടുണ്ട്. അതനുസരിച്ച് ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ തരംതിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്.

1) 2017 ലെ ഭേദഗതി ഉത്തരവ് പ്രകാരം എല്ലാ വിധ സംരഭക, സേവന പ്രവർത്തനങ്ങളും ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നതാണ്, ഇതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്ഥാപനങ്ങളടക്കമുള്ളവയെയും ഓഫീസ് മാത്രമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയും (ഭേദഗതിക്ക് മുൻപ് ലൈസൻസ് എടുക്കാത്തവ) ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കേണ്ടതാണ്.

2) നിയന്ത്രണപരമായ അനിവാര്യ ചുമതല എന്നതിനോടൊപ്പം നിക്ഷേപക സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കപ്പെടുക എന്ന കാഴ്ചപ്പാടോടു കൂടിയാണ് 2017 ലെ ഭേദഗതി ചട്ടങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിനായി സ.ഉ.(എം.എസ്)നം. 80/2017/തസ്വഭവ, തീ.03.04.2017 മാർഗ്ഗരേഖയിലെ ഖ.6.6 പ്രകാരം സംരംഭക ക്ലബ്ബ് രൂപീകരിക്കാവുന്നതും ഓരോ വാർഡിലും അതത് മെമ്പർമാരുടെ നേതൃത്വത്തിൽ സംരംഭകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും കൂടുതൽ യുവാക്കളെ സംരംഭകമേഖലയിലേക്ക് ആകർഷിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതുമാണ്.

3) മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളെ തരംതിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചത് സംബന്ധിച്ച ഭരണസമിതി തീരുമാനം ഹാജരാക്കിയിട്ടില്ല.

4) 2019-20 വർഷത്തിൽ അപേക്ഷകൾ പഴയ മാതൃകയിൽ വിറ്റ് വരവ് അടിസ്ഥാനമാക്കിയുള്ളതാണ്. അപേക്ഷയിൽ മൂലധനം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ആയതിനാൽ ഫീസ് ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. ചട്ട വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

5) ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്.

6) ലൈസൻസ് രജിസ്റ്റർ പ്രകാരം 2019-20 വർഷത്തിൽ 433 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. സഞ്ചയ പ്രകാരം നിലവിലെ നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ എണ്ണം 2105 ആണെന്നാണ് അറിയിച്ചിട്ടുള്ളത്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205ബി പ്രകാരം കെട്ടിട ഉടമകൾക്ക് നോട്ടീസ് നൽകുകയും എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നതിനുമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-13 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ

I) ലൈസൻസ് അപേക്ഷ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2019-20 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നികുതി അസസ്സ്മെന്റ് നടത്തിയതായോ, അടവാക്കിയതായോ രേഖയില്ല.

1) യൂണിവേഴ്സൽ റോക്ക് പ്രൊഡക്ട്സ്, ക്രഷർ – 9 ജീവനക്കാർ

2) മലബാർ സ്റ്റീൽ ഇൻഡസ്ട്രീസ് – 28 പേർ

3) ശക്തി പ്ലാസ്റ്റിക്സ് – 4 പേർ

4) സതേൺ പെറ്റ് പ്ലാസ്റ്റ് ഇന്ത്യ – 40 ജീവനക്കാർ (13 പേരുടെ നികുതി മാത്രം അടവാക്കി)

5) പ്രവീൺ ജ്വല്ലറി ബോക്സ് – 7 പേർ

6) പ്രവീൺ ഇന്റർനാഷണൽ പാക്കിങ്ങ് സൊല്യൂഷൻ – 12 പേർ

7) ക്ലേ ഫോർ ടൈൽസ് – 7 പേർ

8) ആബേൽ ഇൻഡസ്ട്രീസ് – 19 പേർ (2019-20 രണ്ടാം അർദ്ധവർഷം)

II) 2019-20 വർഷം കരാറുകാരായ നന്ദനൻ.എം, വിൽസൺ.ഇ.എസ്, സന്തോഷ്.പി, ജിൻസ്.എൻ.ജെ, ചാക്കുണ്ണി.വി.വി, അനിരുദ്ധൻ.ടി.വി, അഭിലാഷ്.പി.ജോർജ്ജ്, എന്നിവർ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

III) G.O(P) No. 78/2017/LSGD, Dt. 31.10.2017 പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 14 ൽ ഭേദഗതി വരുത്തി 14 A വകുപ്പ് കൂട്ടിച്ചേർക്കുകയുണ്ടായി. പ്രസ്തുത ഭേദഗതിക്കനുസൃതമായി തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല എന്നാണ് ഓഡിറ്റ് അന്വേഷണം നം.16/14.12.2021 നുള്ള മറുപടിയായി അറിയിച്ചിട്ടുള്ളത്.

മേൽ കാര്യങ്ങളിൽ പരിശോധന നടത്തി നികുതി ഈടാക്കാൻ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 243(2) വകുപ്പ് പ്രകാരം നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 മത്സ്യകുളം ലേലം - അപാകതകൾ

12.07.2019 തീയതിയിലെ ഭരണ സമിതി തീരുമാനം 8(1) പ്രകാരം പത്ത് കുളങ്ങൾ 9,250/- രൂപയ്ക്ക് ലേലം ചെയ്ത് നൽകിയത് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ 2019-20 വാർഷിക കണക്ക് പ്രകാരം Sale Of Fish Farm ഇനത്തിൽ 4,650/- രൂപ മാത്രമാണ് വരവുള്ളത്. ഡിമാന്റായും ഇതേ തുക തന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ലേല രജിസ്റ്ററിൽ ലേലങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നം. 7/08.12.2021 നൽകിയതിന്റെ അടിസ്ഥാനത്തിൽ ലേലം കൊള്ളുകയും തുക ഈടാക്കാതെ ഇരുന്നതുമായവരിൽ നിന്നും 4,800/- രൂപ ഈടാക്കുകയുണ്ടായി. അത് പോലെ തന്നെ EMD ആയി ഈടാക്കിയ തുക വരവിനത്തിലേക്ക് മാറ്റാതെ വാർഷിക കണക്കിൽ ഉൾപ്പെടുതായും കണ്ടു. ആയത് വരവിനത്തിലേക്ക് വക മാറ്റേണ്ടതും രജിസ്റ്ററുകളും ലേല ഡയറി ഉൾപ്പെടെയുള്ള ഫയലുകളും കൃത്യമായി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

## 1-15 വസ്തു നികുതി ഗണം മാറി നിശ്ചയിച്ചിരിക്കുന്നു

I) താഴെ പറയുന്ന വ്യാപാര വാണിജ്യ ലൈസൻസിനായി നൽകിയ അപേക്ഷകളിൽ രേഖപ്പെടുത്തിയ കെട്ടിട നമ്പറുകൾ സഞ്ചയ ഡാറ്റാ ബേസുമായി പരിശോധിച്ചതിൽ തെറ്റായ ഗണം രേഖപ്പെടുത്തിയാണ് വസ്തുനികുതി ഈടാക്കിയിട്ടുള്ളതെന്ന് കാണുന്നു. ചില ഉദാഹരണങ്ങൾ ചേർക്കുന്നു.

| കെട്ടിട നമ്പർ | സ്ഥാപനം | ഗണം | കെട്ടിട ഉടമയുടെ പേര് |
|---|---|---|---|
| IX/219 | യൂണിവേഴ്സൽ റോക്ക് പ്രൊഡക്ട്സ് | പാർപ്പിടം | ഇ.എ.അബ്ദുൾ കരീം |
| VIII/461, 462, 463 | ജെം ട്രെഡ്സ് | കൈത്തറി, കയർ പിരി ഷെഡ് | രാജഗോപാൽ.കെ |
| X/70 | സതേൺ പെറ്റ് പ്ലാസ്റ്റ് ഇന്ത്യ | കൈത്തറി, കയർ പിരി ഷെഡ് | സുരേഷ് ബാബു |

ആവശ്യമായ പരിശോധന നടത്തി വാണിജ്യ വ്യവസായ കെട്ടിടങ്ങളുടെ വസ്തു നികുതി യഥാർത്ഥ ഗണത്തിന്റെ അടിസ്ഥാനത്തിൽ പുനർനിർണ്ണയിക്കാൻ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 243(2) വകുപ്പ് പ്രകാരം നടപടി സ്വീകരിക്കേണ്ടതാണ്.

II) സഞ്ചയ ഡാറ്റാ ബേസിൽ MSME ഗണത്തിൽ ഉൾപ്പെടുത്തിയ സ്ഥാപനങ്ങളുടെ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ ഇവ MSME ഗണത്തിൽ ഉൾപ്പെടുന്നതാണെന്ന വിവരം വ്യക്തമാക്കുന്ന രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| കെട്ടിട നമ്പർ | സ്ഥാപനം | കെട്ടിട ഉടമയുടെ പേര് |
|---|---|---|
| IX/217, 218, 220, 221, 222 | യൂണിവേഴ്സൽ റോക്ക് പ്രൊഡക്ട്സ് | ഇ.എ.അബ്ദുൾ കരീം |
| VII/173 | ബെർടെക് പ്രൈവറ്റ് ലിമിറ്റഡ് | ടി.ആർ.ജയചന്ദ്രൻ |
| VIII/467, 468 | ശങ്കർ പോളിമേഴ്സ്, ശങ്കർ റബ്ബേഴ്സ് | സത്യൻ.സി.എസ്. |
| VI/66 | ടി.ആർ.ബോണ്ടിംഗ് പ്രൈവറ്റ് ലിമിറ്റഡ് | ടി.ആർ.സേതുനാഥ് |

| | | |
|---|---|---|
| VI/64, 65 | ബെർടെക് ക്ലൾ ടെഡേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് | ടി.ആർ.സേതുനാഥ് |
| V/304 | മലബാർ സ്റ്റീൽ ഇൻഡസ്ട്രീസ് | മാനേജിംഗ് പാർട്ണർ |
| VIII/472 | ബൈസൺ റബ്ബേഴ്സ് | ടി.ആർ.സേതുനാഥ് |
| VIII/469, 470 | ശക്തി പ്ലാസ്റ്റിക്സ് | സി.പത്മനാഭൻ നായർ |
| V/319 | ആബേൽ ഇൻഡസ്ട്രീസ് | പോൾ |
| X/71 | സതേൺ പെറ്റ് പ്ലാസ്റ്റ് ഇന്ത്യ | സുരേഷ് ബാബു |
| V/112 B | പ്രവീൺ ഇന്റർനാഷണൽ പാക്കിങ്ങ് സൊല്യൂഷൻസ് | ഫ്രാൻസിസ് & മാർഗലീന |
| VI/57 | ക്ലേ ഫോർ ടൈൽസ് | ഗോപാലൻ, സുരേഷ് |
| IV/146, 147 | ത്രീ സ്റ്റാർ ഗ്രാനൈറ്റ്സ് | പി.ഭാസി |

ഇവ യഥാർത്ഥത്തിൽ MSME വിഭാഗത്തിൽ ഉൾപ്പെടുന്നതാണോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും ഗണം മാറിയിട്ടുണ്ടെങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-16 റോഡ് റിസ്റ്ററേഷൻ ചാർജ്ജ് ഈടാക്കിയതിലെ അപാകതകൾ

2019-20 സാമ്പത്തിക വർഷത്തിൽ റോഡ് റിസ്റ്ററേഷൻ ചാർജ്ജായി ഭാരതി എയർടെൽ ലിമിറ്റഡിൽ നിന്നും 320 മീറ്റർ OFC കേബിൾ സ്ഥാപിക്കുന്നതിനായി 58,471/- രൂപ ഈടാക്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ചീഫ് എഞ്ചിനീയറുടെ (റോഡ്സ്) 30.03.2019 തീയതിയിലെ CE/R&B/GL-RC/2/2019 നമ്പറിലുള്ള സർക്കുലർ പ്രകാരം Berm Cutting Charge @359.59/$m^2$, Shoulder Cutting Charge @1530.77/$m^2$ എന്നിങ്ങനെയാണ് നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ 17.06.2019 തീയതിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകരിച്ച് നൽകിയ എസ്റ്റിമേറ്റിൽ യഥാക്രമം @329.87$m^2$, @1423$m^2$ നിരക്കാണ് കണക്കാക്കിയിരിക്കുന്നത്.

2) ചീഫ് എഞ്ചിനീയറുടെ (റോഡ്സ്) 22.05.2018 തീയതിയിലെ CE/R&B/GL-RC/1/2018, 30.03.2019 തീയതിയിലെ CE/R&B/GL-RC/2/2019 എന്നീ നമ്പർ സർക്കുലറുകൾ പ്രകാരം 'Restoration Width Should Be Calculated As 1.5 Times The Trench Width Excavated For Laying Pipes' എന്നാണ് അനുശാസിക്കുന്നത്. എന്നാൽ അത്തരത്തിൽ വിസ്തീർണ്ണം കണക്കാക്കിയല്ല തുക ഈടാക്കിയിട്ടുള്ളത്.

3) Berm Cutting തുക കണക്കാക്കിയപ്പോൾ HDD Method ആയതിനാൽ പകുതി നിരക്ക് എന്ന് രേഖപ്പെടുത്തിയാണ് തുക കണക്കാക്കിയിട്ടുള്ളത്. ഇത്തരത്തിൽ കണക്കാക്കുന്നതിന് ഉപോത്ബലകമായ ഉത്തരവുകളോ സർക്കുലറുകളോ ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 27/15.12.2021 ന് മറുപടിയായി ക്രമ നമ്പർ 1 ന് ചാർജ്ജ് ഈടാക്കുന്ന സമയത്ത് സൈറ്റിൽ ലഭ്യമായ തുകയാണ് ഈടാക്കിയിരിക്കുന്നത് എന്നും ക്രമ നം. 3 ന് 'Berm Cutting HDD Method' പ്രകാരം റോഡിന് യാതൊരു കേടുപാടുകളും സംഭവിക്കാത്തതിനാലാണ് പകുതി നിരക്ക് ഈടാക്കിയിരിക്കുന്നത് എന്നുമാണ് അറിയിച്ചിട്ടുള്ളത്. ഇത് അംഗീകരിക്കാവുന്നതല്ല. സർക്കാർ ഉത്തരവുകളുടെയും സർക്കുലറുകളുടെയും അടിസ്ഥാനത്തിൽ മാത്രമേ നിരക്ക് നിശ്ചയിക്കുവാൻ സാധിക്കുകയുള്ളൂ. മേൽ സൂചിപ്പിച്ച പ്രകാരം ഈടാക്കിയ നിരക്കിന് ഉപോത്ബലകമായ ഉത്തരവുകളോ സർക്കുലറുകളോ ഹാജരാക്കാൻ സാധിക്കാത്ത പക്ഷം കുറവ് വന്ന ഫീസ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 243(2) വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-17 പൗരാവകാശരേഖ പുതുക്കി കാലാനുസൃതമാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 272 എ (1) വകുപ്പ് പ്രകാരം ഓരോ പഞ്ചായത്തും പൗരൻമാർക്ക് ലഭ്യമാക്കുന്ന വിവിധ ഇനം സേവനങ്ങളേയും അവയുടെ വ്യവസ്ഥകളേയും അവ ലഭ്യമാക്കുന്ന സമയപരിധിയേയും സംബന്ധിച്ച് പൗരാവകാശരേഖ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. പ്രസ്തുത നിയമത്തിലെ 272 എ (2) വകുപ്പ് പ്രകാരം പൗരാവകാശരേഖ വർഷത്തിൽ ഒരിക്കൽ പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 2ാം വകുപ്പിലെ നിർവ്വചന പ്രകാരം വർഷം എന്നാൽ സാമ്പത്തിക വർഷം എന്നാണ് അർത്ഥമാക്കുന്നത്. 2004 ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശരേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം, പഞ്ചായത്ത് ചർച്ച ചെയ്ത് വേണം പൗരാവകാശരേഖ വാർഷികമായി പുതുക്കി കാലാനുസൃതമാക്കാൻ. 27.03.19 ലെ ഭരണസമിതി തീരുമാനപ്രകാരം പൗരാവകാശരേഖ പുതുക്കി പ്രസിദ്ധീകരിച്ച ശേഷം 2021 ഒക്ടോബറിൽ ആണ് പൗരാവകാശരേഖ പുതുക്കിയത് എന്നാണ് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 5/08.12.21) മറുപടി ലഭ്യമാക്കിയത്. അതായത് 2018-19 വർഷത്തിൽ പുതുക്കിയശേഷം 2021-22 വർഷത്തിലാണ് പിന്നീട് പുതുക്കിയിട്ടുള്ളത്. നിയമവ്യവസ്ഥകൾ യഥാവിധി പാലിക്കേണ്ടതും പൗരാവകാശരേഖ വാർഷികമായി പുതുക്കി കാലാനുസൃതമാക്കേണ്ടതും അനിവാര്യമാണ്.

## 1-18 ഗ്രാമ പഞ്ചായത്തിലെ ദുരിതാശ്വാസ നിധി -- ചട്ടവ്യവസ്ഥകൾ പാലിക്കുന്നതിന് നടപടി ഉണ്ടാകേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 166 ാം വകുപ്പ് പ്രകാരം, പ്രസ്തുത നിയമത്തിന്റെ മൂന്നാം പട്ടികയിൽ ഇനം തിരിച്ച് പറഞ്ഞിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ താമസക്കാർക്ക് ആവശ്യമായ സേവനങ്ങൾ ചെയ്യേണ്ടത് ഗ്രാമ പഞ്ചായത്തിന്റെ കർത്തവ്യമാണ്.

ഇതേ നിയമത്തിലെ 177 ാം വകുപ്പ് പ്രകാരം ഒരു പഞ്ചായത്തിന്, അതിന്റെ ഫണ്ട് ഏതെല്ലാം ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കാമോ അങ്ങനെയുള്ള ആവശ്യങ്ങളിൽ ഏതെങ്കിലും മുമ്പോട്ടു കൊണ്ടുപോകുന്നതുമായി മാത്രം ബന്ധപ്പെട്ട സംഭാവനകളും

ട്രസ്റ്റുകളും സ്വീകരിക്കാവുന്നതും അവ ആ ആവശ്യങ്ങൾക്കായി മാത്രം വിനിയോഗിക്കേണ്ടതുമാണ്.

ഈ വകുപ്പുകൾ നൽകിയ അധികാരം ഉപയോഗിച്ച് സംസ്ഥാന സർക്കാർ 2003 ൽ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പാസ്സാക്കിയിട്ടുള്ളതാണ്. പ്രസ്തുത ചട്ടപ്രകാരം (ചട്ടം 3 പ്രകാരം) ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിൽ വിവരം (പഞ്ചായത്ത് ഭരണസമിതി തീരുമാനം സഹിതം) ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 03/08.12.21) മറുപടി ലഭ്യമാക്കുകയുണ്ടായി. അതനുസരിച്ച് ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുള്ളതാണ്.

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം നിധിയെ സംബന്ധിച്ച എല്ലാ വരവുചെലവു കണക്കുകളും സെക്രട്ടറി മാസാമാസം ഗ്രാമ പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ അപ്രകാരം സമർപ്പിച്ചതായി രേഖകൾ ഇല്ലാത്തതാണ്. ചട്ടം 3 പ്രകാരം പ്രസ്തുത ഫണ്ട് ഗ്രാമ പഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒന്നാണ്. ചട്ടം 6(2) പ്രകാരം നിധിയെ സംബന്ധിച്ച വരവുചെലവു കണക്കുകൾ കാലാകാലങ്ങളിൽ ഗ്രാമ പഞ്ചായത്തിന്റെ മറ്റ് വരവുചെലവുകളുടെ കാര്യത്തിലെന്നപോലെ അതേ രീതിയിൽ ഓഡിറ്റിന് വിധേയമാക്കേണ്ടതായുണ്ട്. എന്നാൽ ദുരിതാശ്വാസ നിധി സംബന്ധിച്ച വരവുചെലവു കണക്കുകൾ ഗ്രാമ പഞ്ചായത്ത് ഓഡിറ്റിന് ഹാജരാക്കുകയോ, അയച്ചുതരികയോ ചെയ്തിട്ടില്ലാത്തതാണ്.

അതായത്, ദുരിതാശ്വാസ നിധിയുടെ കണക്കുകൾ ചട്ടം 6(1) പ്രകാരം റിപ്പോർട്ട് ചെയ്യപ്പെടുകയോ, ചട്ടം 6(2) പ്രകാരം ഓഡിറ്റിന് വിധേയമാക്കുകയോ ചെയ്തിട്ടില്ലാത്തതാണ്. ചട്ടം 7 പ്രകാരം വിവരങ്ങൾ പരസ്യപ്പെടുത്തിയതിന് രേഖകൾ ഇല്ലാത്തതുമാണ്.

ഈ സാഹചര്യത്തിൽ ഗ്രാമ പഞ്ചായത്തിലെ ദുരിതാശ്വാസ നിധിയുടെ വിനിയോഗവും നിയന്ത്രണവും ചട്ടവ്യവസ്ഥകൾ പാലിച്ചുകൊണ്ടാകേണ്ടതുണ്ട്. ചട്ടവ്യവസ്ഥകൾ പാലിക്കാൻ ആവശ്യമായ തുടർ നടപടി ഉണ്ടാകേണ്ടതാണ്.

## 1-19 അസറ്റ് മാനേജ്മെന്റ് മാന്വൽ --- നിർദ്ദേശങ്ങൾ നടപ്പിലായില്ല

20.01.2017 ലെ ജി. ഒ (ആർ. ടി) നം. 166/17/എൽ. എസ്. ജി. ഡി ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 2019-20 വർഷത്തേക്ക് ഇതുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലായോ എന്നത് സംബന്ധിച്ച് വ്യക്തത വരുത്തുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി ( എൻക്വയറി നം. 28 തീ. 15.12.21 ) നൽകിയിരുന്നെങ്കിലും മറുപടി ലഭിച്ചില്ല.

1) ഗ്രാമ പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) നിലവിൽ വന്നിരുന്നോ? ഉണ്ടെങ്കിൽ നിലവിൽ വന്ന തീയതി, അതിന്റെ ഘടന സംബന്ധിച്ച വിശദവിവരം.

2) തുടർന്ന് ആന്വൽ സ്റ്റാറ്റസ് അസസ്സ്മെന്റ് ഓഫ് അസറ്റ്സ് കണ്ടീഷൻ (ASAAC) നിർവ്വഹിച്ച് റിപ്പോർട്ട് തയ്യാറാക്കിയിരുന്നോ? ഉണ്ടെങ്കിൽ വിശദവിവരം.

3) ഗ്രാമ പഞ്ചായത്ത് അസറ്റ് മാനേജ്മെന്റ് പ്ലാൻ (AMP) അംഗീകരിച്ചിരുന്നോ? ഉണ്ടെങ്കിൽ വിവരം.

4) മേൽ പ്രവർത്തനങ്ങളുടെ അഭാവത്തിൽ ഗ്രാമ പഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് 2019-20 വർഷത്തിൽ സ്വീകരിച്ച സമീപനരേഖ എപ്രകാരമുള്ളതായിരുന്നു.

ഗ്രാമപഞ്ചായത്ത് ഒരു അസറ്റ് മാനേജ്മെന്റ് പ്ലാൻ അംഗീകരിച്ചതായോ, അതിനുവേണ്ട നടപടികൾ സ്വീകരിച്ചതായോ പഞ്ചായത്തിന്റെ വിവിധ മിനുട്സ് ബുക്കുകൾ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞില്ല. അതുകൊണ്ടുതന്നെ ഇപ്രകാരമുള്ള ഒരു സമീപനരേഖയുടെ അഭാവത്തിലാണ് ഗ്രാമ പഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് 2019-20 വർഷത്തിൽ പ്രവർത്തിച്ചതെന്നാണ് കാണുന്നത്. അസറ്റ് മാനേജ്മെന്റ് പ്ലാൻ ഉൾപ്പെടെയുള്ള ഒരു സമീപനരേഖ പഞ്ചായത്തിൽ അനിവാര്യമാകുന്ന ചില സാഹചര്യങ്ങൾ താഴെ ചേർക്കുന്നു.

(I) ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 29.01.18 ലെ സ.ഉ(കൈ)നം.11/18/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവിലെ ഖണ്ഡിക 7.13(12) പ്രകാരം, ഗുണമേന്മയുള്ളതും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ തദ്ദേശ സ്വയംഭരണസ്ഥാപനവും ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷത്തെ ഗ്യാരന്റിയോടുകൂടി നടപ്പാക്കുന്നതിന് ശ്രമിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിന് ഇപ്രകാരമൊരു പ്രവർത്തനം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

(Ii) 16.11.19 ലെ പഞ്ചായത്ത് തീരുമാനം 26(1) താഴെ ചേർക്കുന്നു

" പഞ്ചായത്ത് പരിധിയിലെ വിവിധ തോടുകൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായുള്ള പ്രവൃത്തികൾ പഞ്ചായത്ത് ഏറ്റെടുത്ത് ചെയ്യേണ്ടതുണ്ട്. ആയതിന് ജലസേചനവകുപ്പിന്റെ പരിധിയിലുള്ള തോടുകൾ അളന്ന് തിട്ടപ്പെടുത്തി തരുന്നതിന് ജലസേചനവകുപ്പ് അധികൃതരോട് ആവശ്യപ്പെടുന്നതിന് തീരുമാനിച്ചു." തുടർവിവരം ലഭ്യമല്ല.

(Iii) 09.01.20 ലെ പഞ്ചായത്ത് തീരുമാനം 1(4) താഴെ ചേർക്കുന്നു

" അസിസ്റ്റന്റ് എഞ്ചിനീയറുടെ അപേക്ഷ പ്രകാരം 199/20 ജീവധാരാകുടിവെള്ളപദ്ധതി വാർഡ് 2 എന്ന പദ്ധതിയിൽ കുഴൽകിണർ കുഴിക്കുന്നതിനും, 70 മീറ്റർ പൈപ്പ് ലൈൻ ഇടുന്നതുമാണ് ഉൾപ്പെടുത്തിയിരുന്നത്. അതിൽ കുഴൽകിണർ പൂർത്തിയാക്കുകയും ചെയ്തു. 300 മീറ്റർ പൈപ്പ് ലൈൻ ചെയ്താൽ മാത്രമേ ഈ പ്രവൃത്തിയുടെ ഉപയോഗം ലഭിക്കുകയുള്ളൂ. ആയതിന് ഫണ്ടിന്റെ ലഭ്യത കുറവായതിനാൽ ടി പദ്ധതി ഭേദഗതി ചെയ്യാൻ സാധിക്കുകയില്ല. ആയതിനാൽ 70 മീറ്റർ പൈപ്പ് ലൈൻ ഇടുന്നത് മൂലം ഈ പ്രവൃത്തി ഉപയോഗമല്ലാതാകും. ആയതിനാൽ ടി പദ്ധതി നിലവിലുള്ള സ്റ്റേജിൽ വെച്ച് ഫൈനൽ ബിൽ തയ്യാറാക്കി കരാറുകാരന് നൽകുന്നതിനും കമ്മിറ്റി അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തി തീരുമാനിച്ചു."

മേൽ വിവരിച്ച സാഹചര്യത്തിൽ അസറ്റ് മാനേജ്മെന്റ് മാന്വൽ നിർദ്ദേശങ്ങൾ നടപ്പാക്കാൻ തുടർ നടപടി ഉറപ്പാക്കേണ്ടതും ആസ്തിരജിസ്റ്റർ കാലികമാക്കേണ്ടതുമാണ്.

## 1-20 പൊതുടാപ്പുകളുടെ വാട്ടർ ചാർജ്ജ്-സേവന ഉപനികുതി സാധ്യത പരിശോധിക്കേണ്ടതാണ്.

2019-20 വർഷം ഗ്രാമപഞ്ചായത്ത് ഫണ്ടിൽനിന്നും വാട്ടർചാർജ്ജ് ആവശ്യത്തിലേക്കായി താഴെപറയും പ്രകാരം തുക വാട്ടർഅതോറിറ്റിയിലേക്ക് അടവാക്കിയിട്ടുണ്ട്.

| വൗച്ചർ നം./തീയതി | | തുക (രൂപ) |
|---|---|---|
| 21900065 | 26.04.19 | 154438 |
| 21900126 | 20.05.19 | 154438 |
| 21900219 | 19.06.19 | 154438 |
| 21900319 | 25.07.19 | 154438 |
| 21900416 | 29.08.19 | 154438 |
| 21900512 | 01.10.19 | 154438 |
| 21900596 | 28.10.19 | 154438 |
| 21900689 | 27.10.19 | 154438 |
| 21900775 | 26.12.19 | 154438 |
| 21900889 | 30.01.20 | 154438 |
| 21901093 | 29.02.20 | 154438 |
| 21901270 | 31.03.20 | 154438 |
| ആകെ | | 1853256 |

മേൽ പട്ടികപ്പെടുത്തിയ പ്രകാരം, കുടിവെള്ള വിതരണത്തിനായി ഗ്രാമപഞ്ചായത്ത് 2019-20 സാമ്പത്തിക വർഷത്തിൽ മൊത്തം₹1853256/- തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ആയത് 2019-20 വർഷത്തെ ആകെ വസ്തുനികുതി ഡിമാന്റ് തുകയായ 4643645/-യുടെ 39.90% ത്തോളം വരുന്ന തുകയാണ്.

മേൽ വിവരിച്ച സാഹചര്യത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ ഭരണസമിതിയുടെ പരിഗണനയ്ക്ക് ഓഡിറ്റ് സമർപ്പിക്കുന്നു.

I) 1994 ലെ പഞ്ചായത്ത് രാജ് നിയമം 200(2) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് തെരുവ് വിളക്ക്, കുടിവെള്ള വിതരണ സേവനങ്ങൾ ഏർപ്പെടുത്തിയ ഇടത്തെല്ലാം സേവന നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഇപ്രകാരമുള്ള സേവനങ്ങൾക്ക് വസ്തുനികുതിയെ ആധാരമാക്കി സേവന ഉപനികുതി ചുമത്താവുന്നതിന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ തെരുവ് വിളക്ക്, കുടിവെള്ള വിതരണ സേവനങ്ങൾ ഏർപ്പെടുത്തിയ പ്രദേശത്തിലോ/ ഏതെങ്കിലും പ്രദേശങ്ങളിലോ ചട്ടപ്രകാരം സേവന ഉപനികുതി പിരിയ്ക്കാവുന്നതിന്റെ സാധ്യത പരിശോധിക്കുന്നത് ഉചിതമായിരിക്കും.

II) പ്രതിമാസം 353 ടാപ്പുകളുടെ വാട്ടർ ചാർജ്ജാണ് അടവാക്കിവരുന്നത്, വാട്ടർഅതോറിറ്റിയുമായി ചേർന്ന് പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകളുടെ എണ്ണത്തിൽ കൃത്യത വരുത്തേണ്ടതാണ്.

## 1-21 തെരുവു വിളക്കുകൾക്ക് വൈദ്യുതി ചാർജ്ജ്-സേവന ഉപനികുതി സാധ്യത പരിശോധിക്കേണ്ടതാണ്

2019-20 വർഷത്തിൽ ഗ്രാമപഞ്ചായത്ത്ഫണ്ടിൽ നിന്നും സ്ട്രീറ്റ് ലൈറ്റിന്റെ വൈദ്യുതിചാർജ്ജ് ആവശ്യത്തിലേക്കായി താഴെപറയും പ്രകാരം കെ.എസ്.ഇ.ബി-യിലേക്ക് അടവാക്കിയിട്ടുണ്ട്.

| വൗച്ചർ നം. | തീയതി | തുക(രൂപ) |
|---|---|---|
| 21900050 | 17.04.19 | 91896 |
| 21900054 | 17.04.19 | 14747 |
| 21900109 | 17.05.19 | 81363 |
| 21900113 | 17.05.19 | 11380 |
| 21900209 | 17.06.19 | 84373 |
| 21900216 | 17.06.19 | 9316 |
| 21900288 | 10.07.19 | 77215 |
| 21900308 | 19.07.19 | 8834 |
| 21900391 | 19.08.19 | 92358 |
| 21900395 | 19.08.19 | 9076 |
| 21900455 | 04.09.19 | 9338 |
| 21900497 | 07.09.19 | 74315 |
| 21900506 | 24.09.19 | 14748 |
| 21900509 | 24.09.19 | 9439 |
| 21900558 | 05.10.19 | 82972 |
| 21900562 | 18.10.19 | 10264 |
| 21900573 | 22.10.19 | 10791 |

| | | |
|---|---|---|
| 21900618 | 04.11.19 | 6091 |
| 21900644 | 13.11.19 | 86889 |
| 21900645 | 13.11.19 | 18134 |
| 21900666 | 21.11.19 | 8690 |
| 21900740 | 11.12.19 | 70924 |
| 21900771 | 21.12.19 | 15055 |
| 21900773 | 23.12.19 | 9517 |
| 21900786 | 26.12.19 | 102755 |
| 21900835 | 06.01.20 | 85187 |
| 21900836 | 06.01.20 | 102755 |
| 21900845 | 13.01.20 | 22723 |
| 21900863 | 16.01.20 | 7867 |
| 21900882 | 23.01.20 | 371969 |
| 21900951 | 12.02.20 | 100095 |
| 21900962 | 13.02.20 | 17382 |
| 21900966 | 14.02.20 | 102755 |
| 21901077 | 29.02.20 | 8994 |
| 21901237 | 19.03.20 | 92117 |
| 21901238 | 19.03.20 | 14007 |
| 21901250 | 20.03.20 | 10073 |
| ആകെ | | 19,46,404 |

മേൽ പട്ടികപ്പെടുത്തിയ പ്രകാരം, തെരുവു വിളക്കുകൾക്ക് വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഗ്രാമപഞ്ചായത്ത് 2019-20 സാമ്പത്തിക വർഷത്തിൽ മൊത്തം 19,46,404/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ആയത് 2019-20 വർഷത്തെ ആകെ വസ്തുനികുതി ഡിമാന്റ് തുകയായ 46,43,645/-യുടെ 41.90% ത്തോളം വരുന്ന തുകയാണ്.

മേൽ വിവരിച്ച സാഹചര്യത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ ഭരണസമിതിയുടെ പരിഗണനയ്ക്ക് ഓഡിറ്റ് സമർപ്പിക്കുന്നു.

1. I) 1994 ലെ പഞ്ചായത്ത് രാജ് നിയമം 200(2) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് തെരുവ് വിളക്ക്, കുടിവെള്ള വിതരണ സേവനങ്ങൾ ഏർപ്പെടുത്തിയ ഇടത്തെല്ലാം സേവന നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഇപ്രകാരമുള്ള സേവനങ്ങൾക്ക് വസ്തുനികുതിയെ ആധാരമാക്കി സേവന ഉപനികുതി ചുമത്താവുന്നതിന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ തെരുവ് വിളക്ക്, കുടിവെള്ള വിതരണ സേവനങ്ങൾ ഏർപ്പെടുത്തിയ പ്രദേശത്തിലോ/ ഏതെങ്കിലും പ്രദേശങ്ങളിലോ ചട്ടപ്രകാരം സേവന ഉപനികുതി പിരിയ്ക്കാവുന്നതിന്റെ സാധ്യത പരിശോധിക്കുന്നത് ഉചിതമായിരിക്കും. (ഓഡിറ്റ് എൻക്വയറി നം.37/16.12.21)

## 1-22 പ്രത്യേക കന്നുകുട്ടി പരിപാലനം- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

1. 9/20 പ്രത്യേക കന്നുകുട്ടി പരിപാലനം വനിത (2019-20)

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയിൽ 54 കന്നുകുട്ടികൾക്കുള്ള കാലീത്തീറ്റയ്ക്കായി വൗച്ചർ നം.21901069/22.10.2019 പ്രകാരം ₹6,75,000/- ഡെപ്യൂട്ടി ഡയറക്ടർ എസ്.എൽ.ബി.പി.തൃശ്ശൂരിന് നല്കിയിട്ടുള്ളതാണ്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. പദ്ധതി പ്രകാരം കാലിത്തീറ്റ വിതരണം ചെയ്ത വേലൂർ- കുറുമാൽ ക്ഷീരോത്പാദക സഹകരണ സംഘത്തിന്റെ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ കാലീത്തീറ്റ കൈപ്പറ്റുന്നത് ഇടയ്ക്കുവെച്ച് നിർത്തിയിട്ടുള്ളതാണ്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരു വിവരം | വിതരണ രജിസ്റ്ററിലെ പേജ് നമ്പർ | കാലിത്തീറ്റ കൈപ്പറ്റിയ തവണ |
|---|---|---|---|
| 1 | മേഗി ആന്റണി, ഒലക്കേങ്കിൽ വേലൂർ | 11 | ഒറ്റ തവണ പോലും കൈപ്പറ്റിയിട്ടില്ല |
| 2 | അൽഫോൺസ ഔസേഫ്, പൊറത്തൂർ തണ്ടിലം | 12 | 5 തവണ |
| 3 | മറീന തോമസ്, തലക്കോട്ടുകര | 38 | 1 തവണ |
| 4 | എൽസി ജോർജ്ജ് | 50 | 4 തവണ |

മേൽ ഗുണഭോക്താക്കൾ കാലിത്തീറ്റ കൈപ്പറ്റാത്ത സഹചര്യത്തിൽ ഇവർക്കായി എസ്.എൽ.ബി.പി.യിൽ അടവാക്കിയ തുക തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ ഓഡിറ്റിനെ അക്കാര്യം അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.41/16.12.21)

## 1-23 പത്ര പരസ്യം -സർക്കാർ നിർദ്ദേശപ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമായില്ല

ജി.ഒ (ആർ.ടി) 01/11ഐ & പി.ആർ.ഡി തീ.04.01.2011, ജി.ഒ (ആർ.ടി)288/14/ഐ & പി.ആർ.ഡി തീ.10.09.2014 എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവർ വർത്തമാന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൗണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2019-20 വർഷത്തിൽ വിവിധ ആവശ്യങ്ങൾക്കായി പത്രങ്ങളിൽ പരസ്യം നൽകിയതിനുള്ള പരസ്യ ചാർജ് നൽകിയപ്പോൾ ഡിസ്കൗണ്ട് അനുവദിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം. | തിയതി | പത്ര സ്ഥാപനം | തുക |
|---|---|---|---|---|
| 1 | 21900048 | 11.04.19 | ദേശാഭിമാനി | 10584 |
| 2 | 21900049 | 11.04.19 | ദേശാഭിമാനി | 5292 |
| 3 | 21900128 | 22.05.19 | ദേശാഭിമാനി | 5292 |
| 4 | 21900129 | 22.05.19 | ദേശാഭിമാനി | 5796 |
| 5 | 21900677 | 22.11.19 | ദേശാഭിമാനി | 5796 |
| 6 | 21900957 | 13.02.20 | ദേശാഭിമാനി | 5796 |
| 7 | 21901252 | 20.03.20 | ദേശാഭിമാനി | 5796 |
| ആകെ | | | | 44352 |

സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള 15% ഡിസ്കൗണ്ട് അനുവദിച്ചു കിട്ടുന്നതിന് നടപടികളൊന്നും സ്വീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം.39/16.12.21) മറുപടി അറിയിച്ചിട്ടില്ലാത്തതാണ്. മേൽ വിവരിച്ച പ്രകാരം സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികമനുവദിച്ച തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയോ, ഭാവിയിൽ ഈ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ബിൽ തുകയിൽ നിന്ന് ക്രമീകരിക്കുന്നതിനോ നടപടികൾ ഉണ്ടാവേണ്ടതാണ്.

## 1-24 അഡ്വക്കേറ്റ് ഫീ - പ്രൊഫഷണൽ സേവനങ്ങൾക്ക് ടി.ഡി.എസ്. ഈടാക്കിയില്ല

പഞ്ചായത്തിന്റെ വിവിധ കേസുകൾക്കായി നിയമസഹായം ലഭ്യമാക്കിയതിനും നിയമോപദേശം ലഭ്യമാക്കുന്നതിനുമായി 2019-20 വർഷത്തിൽ അഡ്വ.പ്രേംചന്ദ് എന്നവർക്ക് താഴെ പറയും പ്രകാരം ഫീസ് നൽകിയിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം. | തീയതി | തുക |
|---|---|---|---|
| 1 | 21900201 | 10.06.19 | 7500 |
| 2 | 21900202 | 10.06.19 | 7500 |
| 3 | 21900203 | 10.06.19 | 7500 |
| 4 | 21900204 | 10.06.19 | 15000 |
| 5 | 21900356 | 03.08.19 | 15000 |
| 6 | 21900357 | 03.08.19 | 7500 |
| 7 | 21900587 | 25.10.19 | 17500 |
| 8 | 21900653 | 16.11.19 | 15000 |
| 9 | 21900687 | 26.11.19 | 15000 |
| 10 | 21900784 | 26.12.19 | 15000 |
| 11 | 21900874 | 20.01.20 | 22500 |
| 12 | 21901249 | 20.03.20 | 7500 |
| ആകെ | | | 1,52,500 |

1961 ലെ ആദായ നികുതി നിയമം സെക്ഷൻ 194ജെ പ്രകാരം ഒരു സാമ്പത്തിക വർഷത്തിലെ 30,000/- രൂപയിൽ അധികമാകുന്ന പ്രൊഫഷണൽ സേവനങ്ങൾക്ക് ടി.ഡി.എസ്. ഈടാക്കേണ്ടതാണ്. എന്നാൽ പ്രസ്തുത തുകയിൽ നിന്നും ആദായനികുതി ടി.ഡി.എസ്. ഈടാക്കിയിട്ടില്ല. ആയതിന്റെ കാരണം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.40/16.12.21)

## 1-25 തെരുവ് വിളക്കുകളുടെ അറ്റകുറ്റപണി- കരാറുകാരനിൽ നിന്ന് നഷ്ടപരിഹാര തുക ഈടാക്കിയില്ല

2018-19 വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ നിലവിലുള്ള 2602 എണ്ണം തെരുവ് വിളക്കുകളുടെ അറ്റകുറ്റപണി നടത്തുന്നതിന് 25.01.2019ലെ 4/VLR/2018-19 നമ്പർ കരാർ പ്രകാരം ശ്രീ.ബിജു ജോസ് ചക്കാലയ്ക്കൽ വീട് കോട്ടാറ്റ് (പി.ഒ) വെസ്റ്റ് ചാലക്കുടി എന്നിവരുമായി Annual Maintanance Contractൽ ഏർപ്പെട്ടിരുന്നതാണ്. എന്നാൽ കരാറുകാരൻ തൃപ്തികരമായി പ്രവൃത്തി നിർവ്വഹിക്കാത്തതിനാൽ 28.11.2019ലെ 1(1) നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ.ബിജു ജോസിനെ കരാറിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതും കരാറുകാരന് സംഭവിച്ച വീഴ്ച മൂലം ഗ്രാമ പഞ്ചായത്തിനുണ്ടായ നഷ്ടം ടിയാനിൽ നിന്നും ഈടാക്കുന്നതിനും നിശ്ചയിച്ചിട്ടുള്ളതാണ്. തുടർന്ന് പ്രസ്തുത വിവരം

കരാറുകാരനെ അറിയിച്ചുകൊണ്ടുള്ള 13.02.2019ലെ സെക്രട്ടറിയുടെ A6/2570/16 നമ്പർ കത്തിൽ ഗ്രാമ പഞ്ചായത്തിന് ഈ കാരണത്താൽ ആകെ ഉണ്ടായ നഷ്ടം ₹1,52,875/-യാണെന്ന് വ്യക്തമാക്കിയിട്ടുള്ളതും ആയതിൽ ശ്രീ. ബിജു ജോസിൽ നിന്ന് സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ അടവാക്കിയിരുന്ന ₹82,850 ഉം, റീടെൻഷൻ ഇനത്തിൽ ഈടാക്കിയിരുന്ന ₹24,728/-ഉം ചേർത്ത് ആകെ ₹1,07,578/- പഞ്ചായത്ത് ഫണ്ടിലേയ്ക്ക് കണ്ടുകെട്ടുന്നതായി അറിയിച്ചിട്ടുണ്ട്. അവശേഷിക്കുന്ന ₹45,297/- ശ്രീ. ബിജു ജോസിനോട് കത്ത് ലഭിച്ച് പതിനഞ്ച് ദിവസത്തിനകം ഗ്രാമപഞ്ചായത്തിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. പ്രസ്തുത തുക ഈടാക്കിയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 20-21 ലെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ മേൽ പറഞ്ഞ ഡെപ്പോസിറ്റ് ഇനത്തിൽ അടവാക്കിയിരുന്ന ₹82,850 Contractors Security Deposit (340100201) ശീർഷകത്തിലും, റീടെൻഷൻ ഇനത്തിൽ ഈടാക്കിയിരുന്ന ₹24,728/- Contractors Retention ഇനത്തിലും ബാദ്ധ്യത ശീർഷകത്തിലാണ് 31.03.21 ലും അവശേഷിക്കുന്നത്. ഇപ്രകാരം ബാദ്ധ്യതാ ശീർഷകത്തിൽ അവശേഷിക്കുന്ന തുക പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടി വിവരം അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം.44/17.12.21)

## 1-26 സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ നിർവ്വഹണ പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

| ക്രമ നം. | പ്രോജക്റ്റിന്റെ പേരു വിവരം | ഫണ്ട് | തുക (₹) | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 1 | 3/20 ഐ.കെ.എം. വിഹിതം നല്കൽ | വികസനഫണ്ട് (പൊതുവിഭാഗം സാധാരണ വിഹിതം) വൗച്ചർനം. 21901286/ 02.01.20 | 79,603 | ഇൻഫർമേഷൻ കേരള മിഷൻ |
| 2 | 268/20 പോസ്റ്റ് മാറ്റുന്നതിന് | തനതുഫണ്ട് വൗച്ചർനം. 21901271/31.03.20 | 16464 | എ.ഇ. KSEB, കേച്ചേരി |

നിർവ്വഹണ ഏജൻസികളിൽ നിന്നും പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറിനം. 26/15.12.21,43/16.12.21)

## 1-27 മരാമത്ത് പണികൾ--പൊതുഅപാകതകൾ-സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-18 പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത്പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ള്യുഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം. 270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്കിയ പിഡബ്ല്യുഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം. 36/13/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം. 74/14/തസ്വഭവ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

24.08.2015-ലെ ജി.ഒ.(പി)നം. 375/15/ധന-ഉത്തരവ് പ്രകാരം എല്ലാ എൻജിനീയറിംഗ് വകുപ്പുകളിലേയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE സോഫ്റ്റ്വെയർ മുഖേനയാകണമെന്ന് സർക്കാർ ഉത്തരവായിരുന്നു. ഉടർന്ന് 03.11.2015-ലെ ജി.ഒ.(എം.എസ്)നം. 498/15/ധന-ഉത്തരവ് പ്രകാരം, ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധവകുപ്പുകൾക്കായി സമയപരിധി അനുവദിച്ചും ഉത്തരവായിരുന്നു.

29.02.2016-ലെ ജി.ഒ.(പി)നം. 30/16/ധന-ഉത്തരവ് പ്രകാരം, ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ കരാറുകാരന്റെ ലാഭവിഹിതം ഒഴിവാക്കാനും ഓവർഹെഡ്ചാർജ്ജസ് എസ്റ്റിമേറ്റിന്റെ 7.5% അനുവദിക്കാനും ഉത്തരവായിരുന്നു.

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത്പ്രവൃത്തികളുടെ എസ്റ്റിമേററ് തയ്യാറാക്കിയത് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) PRICE സോഫ്റ്റ്വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നു

07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം ഡാറ്റയിൽ ആകെ CP&OH ആയി 15% അനുവദിക്കാനേ വ്യവസ്ഥ പെടുത്തിയിട്ടുള്ളൂ. ആയതിനാൽ LSGD PRICE സോഫ്റ്റ്വെയറിൽ 10% OH ഉം 10% CP ഉം അർഹതപ്പെടുത്തി അനുവദിച്ചുള്ള

സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവിന്റെ അഭാവത്തിൽ 10% CP യ്ക്ക് പുറമേ 10% ഓവർഹെഡ് ചാർജ്ജ് MORD DATA യിൽ അനുവദിക്കുന്നത് ക്രമത്തിലല്ല.

2) PRICE സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നു

DSR നിരക്കും, CPWD ഡാറ്റയോ മറ്റ് ഡാറ്റകളോ ഉപയോഗിച്ച് തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ 1% വാട്ടർചാർജ്ജും അതിനുപുറമേ CP&OH ആയി 15% ഉം അനുവദിക്കാനേ പിഡബ്ള്യുഡിമാന്വൽ, മേൽസൂചിപ്പിച്ച സർക്കാർഉത്തരവുകൾ എന്നിവ അനുവദിക്കുന്നുള്ളൂ. എന്നാൽ LSGD PRICE സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നുണ്ട്. ആയത് അർഹതപ്പെടുത്തി അനുവദിച്ച സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നു എങ്കിലും ലഭ്യമായില്ല. സർക്കാർ ഉത്തരവിന്റെ അഭാവത്തിൽ ഇപ്രകാരം അനുവദിച്ചത് ക്രമത്തിലല്ല.

മേൽ അപാകതകൾ കാരണം എസ്റ്റിമേറ്റ് തുക അനർഹമായി ഉയർന്ന് നിൽക്കുന്നുണ്ട്. അതുകൊണ്ടുതന്നെ അപാകതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 10/10.12.21.)

## 1-28 മരാമത്ത് പണികൾ-- മാന്വൽ വ്യവസ്ഥകളും, ചട്ടവ്യവസ്ഥകളും, നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നില്ല

1997-ലെ കേരള പഞ്ചായത്ത് രാജ്(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-18 പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത്പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ള്യുഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം.270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്കിയ പിഡബ്ള്യുഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം.36/13/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത്പ്രവൃത്തികളുടെ നടത്തിപ്പ് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രവർത്തനകലണ്ടർ – കരാറുകാർ സമർപ്പിക്കുന്നില്ല

2012 ലെ പിഡബ്ള്യുഡി മാന്വൽ സെക്ഷൻ 2112 പ്രകാരം, കരാർ ഉറപ്പിക്കും മുൻപ് കരാറുകാരൻ ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. ഈ പ്രവർത്തനകലണ്ടർ കരാറിന്റെ ഭാഗമാകുന്നതാണ്. എന്നാൽ ഇപ്രകാരം ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിച്ചതായി മരാമത്ത് ഫയലുകളിൽ രേഖയില്ല.

2) പ്രവൃത്തിയുടെ കാലാവധി നീട്ടുന്നതിന് പിഴ ഈടാക്കാനുള്ള വ്യവസ്ഥ—കരാറിൽ ചേർത്തിട്ടുള്ളത് പുതുക്കിയ മാന്വൽ വ്യവസ്ഥ പ്രകാരമല്ല.

പുതുക്കിയ പിഡബ്ള്യുഡി മാന്വൽ പ്രകാരം പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നാൽ സ്വീകരിക്കേണ്ട നടപടികളും ഫൈൻ സംബന്ധിച്ച വ്യവസ്ഥകളും സെക്ഷൻ 2112, 2112.1 എന്നിവയിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തികവർഷത്തിൽ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിലെ കരാർ വ്യവസ്ഥകൾ പരിശോധിച്ചപ്പോൾ, ബന്ധപ്പെട്ട കരാറിൽ ഈ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിനു പകരം പരിഷ്കരിച്ച മാന്വൽ പ്രയോഗത്തിൽ വരുന്നതിന് മുൻപേയുള്ള വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയതായി കാണുന്നത്.

3) പൊതുമരാമത്ത് പണിയുടെ സംക്ഷിപ്തവിവരം ഗ്രാമസഭയിൽ വയ്ക്കുകയോ, ഡിസ് പ്ലേ ബോർഡുകൾ പ്രദർശിപ്പിക്കുകയോ ചെയ്യുന്നില്ല.

1997-ലെ കേരള പഞ്ചായത്ത് രാജ്(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്)ചട്ടങ്ങളിലെ ചട്ടം-17പ്രകാരം, പൊതുമരാമത്ത് പണിയുടെ സംക്ഷിപ്തവിവരം ഗ്രാമസഭയിൽ വയ്ക്കുകയും പണിസ്ഥലത്ത് പ്രദർശിപ്പിക്കുകയും ചെയ്യണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചശേഷം പ്രവൃത്തി നടക്കുന്ന സ്ഥലത്ത് പ്രവൃത്തിയുടെ പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ടിന്റെ ഇനം, തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് എന്നിവ പ്ലേക്കിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കണമെന്നും ഡിസ് പ്ലേ ബോർഡുകൾക്ക് വേണ്ട തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്നതാണെന്നും 29.01.2018 ലെ സ. ഉ(കൈ). നം. 11/18/ത.സ്വ.ഭ.വ ഖണ്ഡിക 13.5 പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്.

മരാമത്ത് ഫയലുകളിൽ ഈ നിയമ വ്യവസ്ഥകൾ പാലിച്ചതായി രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അപാകതകൾ പരിഹരിക്കുവാൻ തുടർനടപടി സ്വീകരിക്കും എന്നാണ് അറിയിച്ചിട്ടുള്ളത്. മാന്വൽ വ്യവസ്ഥകളും, ചട്ടവ്യവസ്ഥകളും, നിർദ്ദേശങ്ങളും പാലിക്കുവാൻ സ്വീകരിച്ച തുടർനടപടിയുടെ പുരോഗതി ഈ റിപ്പോർട്ടിന്റെ പ്രഥമമറുപടിയിൽ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-29 കുട്ടംകുളം കുടിവെള്ള പദ്ധതിക്കുള്ള മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കലും വൈദ്യുതീകരണവും (പ്രോജക്റ്റ് നമ്പർ 174/20) – അപാകതകൾ

2019-20 ൽ കുട്ടംകുളം കുടിവെള്ള പദ്ധതിക്കുള്ള മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കലും വൈദ്യുതീകരണവും (പ്രോജക്റ്റ് നമ്പർ 174/20) എന്ന പ്രോജക്റ്റിനായി ട്രഷറി ബിൽ 34/26.07.19 (വൗച്ചർ നം. 21901035/25.07.19 CFC Grant) പ്രകാരം 73,774 രൂപ ചെലവഴിച്ചിട്ടുണ്ട്. ശ്രീ. എം.നന്ദനൻ എന്ന കരാറുകാരനുമായി 88/AE/LSGD/VLR/18-19/ Dtd. 08.03.19 നമ്പറായി കരാറിൽ ഏർപ്പെട്ടതായി കാണുന്നുണ്ട്. എന്നാൽ ജില്ലാ പഞ്ചായത്തിന് കീഴിലുള്ള ഇലക്ട്രിക്കൽ കമ്മിറ്റി പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകിയതായി ഫയലിൽ രേഖയില്ല.

എം.ബുക്കിൽ അളവുകൾ രേഖപ്പെടുത്തുകയോ, മരാമത്ത് ബിൽ തയ്യാറാക്കുകയോ ചെയ്യാതെയാണ് ചെലവ് നിർവ്വഹിച്ചിട്ടുള്ളതായി കാണുന്നത്. ഈ അപാകതകൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.30/15.12.21) മറുപടി ലഭിച്ചില്ല. മറുപടിയുടെ അഭാവത്തിൽ 73,774 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-30 വടക്കുമുറി കുടിവെള്ളപദ്ധതി വാർഡ് 14- അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 148/18, 183/19, 164/20 |
| പ്രൊജക്റ്റ് | വടക്കുമുറി കുടിവെള്ളപദ്ധതി വാർഡ് 14 |
| സാങ്കേതികാനുമതി | 92189/2017-18 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2017-18/102446 Dtd. 05.12.17 |
| സാങ്കേതികാനുമതി തുക | 1,95,000 രൂപ |
| കരാറുകാരൻ | ശ്രീ. നന്ദനൻ. എം |
| കരാർ നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് |
| കരാർ ഉടമ്പടി | 79/AE/LSGD/VLR/17-18 Dtd. 29.12.17 |
| എം.ബുക്ക് | 153/16-17 |
| വൗച്ചർ നമ്പർ, തുക | 21901008/01.06.19 = 1,26,576/- ( CFC G)<br>ട്രഷറി ബിൽ 98/18-19 = 67950/- |

മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം ബോർവെൽ, മോട്ടോർ(7.5 HP), പമ്പ്ഹൗസ്, 535മീറ്റർ പൈപ്പ് ലൈൻ, പി.വി.സി ടാങ്ക്(10000ലിറ്റർ) എന്നിവയോട് കൂടി സുഗമമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കുടിവെള്ള പദ്ധതിയാണിത്. എന്നാൽ നിലവിലെ ബോർവെല്ലിൽ നിന്നും വാർഡിന്റെ എല്ലാ ഭാഗത്തേക്കും വെള്ളം എത്തുന്നില്ല. അതിനാൽ തൊട്ടടുത്ത് തന്നെ പുതിയ ബോർവെൽ, പമ്പ് ഹൗസ്, 186 മീറ്റർ പൈപ്പ് ലൈൻ നീട്ടൽ എന്നിവയാണ് ഈ പ്രോജക്റ്റിലൂടെ ലക്ഷ്യമിടുന്നത്.

ഈ പ്രോജക്റ്റ് പ്രകാരം കുഴിച്ച കുഴൽ കിണറിൽ വെള്ളം ലഭിക്കാത്തതിനെ തുടർന്ന് അടങ്കൽ തുകയിൽ മാറ്റമില്ലാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് 14.02.18 ലെ ഭരണസമിതി തീരുമാനം (1) പ്രകാരം നിശ്ചയിക്കുകയും ആയതിന് അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തി തീരുമാനിക്കുകയും ചെയ്തു.

പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം, ആദ്യം കുഴിച്ച ബോർവെല്ലിൽ നിന്നും വെള്ളം ലഭ്യമാകാതെ വരികയും പുതിയതായി ഒരു കിണർകൂടി കുഴിക്കേണ്ടതായും വന്നതിനാൽ പൈപ്പ് ലൈൻ നീട്ടുന്നത് ഒഴിവാക്കേണ്ടതായും പമ്പ് ഹൗസ് നിലവിലുള്ള വാട്ടർടാങ്ക് പില്ലർ സ്ട്രക്ചറിനോട് ചേർത്ത് പണിയുന്നത് ഒഴിവാക്കി പുതിയബോർവെല്ലിനടുത്ത് നിർമ്മിക്കേണ്ടതായും വന്നു എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

പ്രവൃത്തിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 23/14.12.21) മറുപടി ലഭിച്ചില്ല.

1) കുഴൽകിണർ കുഴിക്കുന്നതിനായുള്ള ഇൻവെസ്റ്റിഗേഷൻ ചാർജ്ജ് രശീതി നം. 996174/20.01.18, 038502/25.06.18 എന്നിവ പ്രകാരം ഭൂജലവകുപ്പിൽ അടവാക്കിയതായി ഫയലിൽ രേഖകൾ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഭൂജലവകുപ്പ് ഈ പ്രോജക്റ്റിനായി കാർത്യായനി ക്ഷേത്രം റോഡിന് സമീപത്തെ ഇലക്ട്രിക്ക് പോസ്റ്റ് VLR/101 ന് അടുത്ത് സ്ഥാനം നിർണ്ണയിച്ചതിന്റെ രേഖ മാത്രമേ ഫയലിൽ ലഭ്യമായിട്ടുള്ളൂ. രണ്ടാമത് സ്ഥാനം നിർണ്ണയിച്ചതിന് രേഖകൾ സൂക്ഷിച്ചിട്ടില്ല.

2) കുത്തിയ കുഴൽകിണറുകളുടെ Yield Test റിസൽട്ട് ലഭ്യമാക്കിയിട്ടില്ല.

3) പൈപ്പ് ലൈൻ നീട്ടൽ, ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി, മോട്ടോർ സ്ഥാപിക്കൽ എന്നിവ പൂർത്തീകരിച്ചിട്ടില്ല.

ഈ സാഹചര്യത്തിൽ പ്രോജക്റ്റ് ലക്ഷ്യം നേടിയതെങ്ങനെയെന്ന് വ്യക്തമല്ല. അതിനാൽ ഈ പ്രോജക്റ്റിനായി 2019-20 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ച 1,26,576 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

വ്യക്തമായ അസറ്റ് മാനേജ്മെന്റ് പ്ലാനിന്റെ അഭാവത്തിൽ പ്രോജക്റ്റുകൾ ലക്ഷ്യം നേടാതെ അവസാനിക്കുന്നത് ഒഴിവാക്കാൻ തുടർ നടപടി അനിവാര്യമാണ്.

## 1-31 ജീവധാര കുടിവെള്ളപദ്ധതി വാർഡ് 2- ജനോപകാരപ്രദമാക്കാൻ സ്വീകരിച്ച നടപടി അറിയിക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 129/19, 199/20 |
| പ്രൊജക്റ്റ് | ജീവധാര കുടിവെള്ളപദ്ധതി വാർഡ് 2 |
| സാങ്കേതികാനുമതി | 96484/2018-19 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2018-19/129852 Dtd. 27.10.18 |
| സാങ്കേതികാനുമതി തുക | 1,25,000 രൂപ |
| കരാറുകാരൻ | ശ്രീ. ഇ.എസ്.വിൽസൻ |

| | |
|---|---|
| കരാർ നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് |
| കരാർ ഉടമ്പടി | 72/AE/LSGD/VLR/18-19 Dtd. 19.12.18 |
| എം.ബുക്ക് | 343/18-19 |
| വൗച്ചർ നമ്പർ, തുക | ട്രഷറി ബിൽ 95/18-19 = 71040/-<br>21901177/25.02.20 = 9900/- ( CFC G) |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം ഗ്രാമ പഞ്ചായത്തിലെ 2 ാം വാർഡിൽ നിലവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന കുടിവെള്ള പദ്ധതിയാണിത്. നിലവിൽ ഈ പദ്ധതിയിൽ ഒരു Open Well ഉം മോട്ടോർ, പൈപ്പ് ലൈൻ എന്നിവ ഉള്ളതും ഇരുപത്തഞ്ചോളം വീടുകൾക്ക് കുടിവെള്ള വിതരണം നടത്തുന്നതുമാണ്. എന്നാൽ വേനൽക്കാലത്ത് ഈ Open Well ൽ നിന്നുള്ള വെള്ളത്തിന്റെ ലഭ്യത കുറയുകയും കുടിവെള്ള വിതരണം കാര്യക്ഷമമായി നടത്താൻ കഴിയാതെ വരികയും ചെയ്യുന്നു. അതിനാൽ പുതിയ ഒരു കുഴൽ കിണർ കുഴിക്കുന്നതിനും, നിലവിലുള്ള Pumping Main ന്റെ 76 മീറ്റർ നീളം 5000 ലിറ്റർ ടാങ്കിലേക്കടിക്കുന്നതിന് 1.5 ഇഞ്ചിന്റെ പൈപ്പ് ആയതിനാൽ ആയത് മാറ്റി 2 ഇഞ്ചിന്റെ പൈപ്പ് ആക്കി മാറ്റുന്നതിനുള്ള ഇനങ്ങളും, ഇലക്ട്രിഫിക്കേഷന് ആവശ്യമായ ഇനങ്ങളും കൊടുത്ത് പദ്ധതി പ്രവർത്തനം സുഗമമാക്കുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിടുന്നത്.

പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് പ്രകാരം ഇനം 1 – പൈപ്പ് ലൈൻ പ്രവൃത്തിക്കായി 26742.06 രൂപയും, ഇനം 2- ബോർവെൽ പ്രവൃത്തിക്കായി 77940 രൂപയും, ഇനം 3-ഇലക്ട്രിഫിക്കേഷനായി 20000 രൂപയും, Lumpsum Provision ആയി 318 രൂപയും ആണ് വകയിരുത്തിയിട്ടുള്ളത്. പ്രവൃത്തി ടെണ്ടർ ചെയ്ത് കരാറിൽ ഏർപ്പെട്ടിട്ടുള്ളത് ഇനം 1, ഇനം 2 എന്നിവ നിർവ്വഹിക്കാനാണ്. എന്നാൽ എം ബുക്കിൽ രേഖപ്പെടുത്തിയ ഫൈനൽ ബിൽ പ്രകാരം ഇനം 1 – പൈപ്പ് ലൈൻ പ്രവൃത്തി നിർവ്വഹിച്ചിട്ടില്ല. ഇനം 2- ബോർവെൽ പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ട്. Yield Test നിർവ്വഹിച്ച് ജലലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. എന്നാൽ ഇലക്ട്രിഫിക്കേഷനടക്കമുള്ള തുടർ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയുണ്ടായി. 76 മീറ്റർ നീളം പമ്പിങ്ങ് ലൈൻ മാറ്റിയത് കൊണ്ട് മാത്രം വെള്ളം സുഗമമായി ടാങ്കിലേക്ക് എത്തുവാൻ സാധിക്കാത്തതുകൊണ്ടാണ് പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കാതിരുന്നതെന്നും, ഇലക്ട്രിഫിക്കേഷന് 20,000 രൂപയാണ് എസ്റ്റിമേറ്റിൽ വകയിരുത്തിയിരുന്നതെന്നും ജില്ലാപഞ്ചായത്തിൽ നിന്നും ലഭിച്ച എസ്റ്റിമേറ്റ് പ്രകാരം ഈ തുകയ്ക്ക് മോട്ടോർ വാങ്ങുവാൻ സാധ്യമല്ലാത്തതിനാൽ ഈ പ്രവൃത്തിയും സാധ്യമായില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്.

ഈ സാഹചര്യത്തിൽ 80,940 രൂപ ചെലവഴിച്ച പ്രോജക്ട് ലക്ഷ്യം നേടിയതെങ്ങനെയെന്ന് വ്യക്തമല്ല. അതിനാൽ ഈ പ്രോജക്ടിനായി 2019-20 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ച 9,900 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

വ്യക്തമായ അസറ്റ് മാനേജ്മെന്റ് പ്ലാനിന്റെ അഭാവത്തിൽ പ്രോജക്ടുകൾ ലക്ഷ്യം നേടാതെ അവസാനിക്കുന്നത് ഒഴിവാക്കാൻ തുടർ നടപടി അനിവാര്യമാണ്.

ഈ സാഹചര്യത്തിൽ പുതുതായി കുഴിച്ച കുഴൽ കിണർ ജനോപകാരപ്രദമാക്കാൻ സ്വീകരിച്ച നടപടി അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.45/17.12.21)

## 1-32 പാത്രമംഗലം - തോന്നല്ലൂർ കുടിവെള്ളപദ്ധതി - തുടർവിവരം ആവശ്യപ്പെടുന്നു

| | |
|---|---|
| പ്രൊജക്ട് നമ്പർ | 153/18, 163/20 |
| പ്രൊജക്ട് | പാത്രമംഗലം - തോന്നല്ലൂർ കുടിവെള്ളപദ്ധതി<br>വാർഡ് 1 |
| സാങ്കേതികാനുമതി | 90278/2017-18 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2017-18/102484 Dtd. 22.11.17 |
| സാങ്കേതികാനുമതി തുക | 1,17,000 രൂപ |
| കരാറുകാരൻ | ശ്രീ. ചാക്കുണ്ണി.വി.വി |
| കരാർ നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് |
| കരാർ ഉടമ്പടി | 82/AE/LSGD/VLR/17-18 Dtd. 03.01.18 |
| എം.ബുക്ക് | 196/17-18 |
| വൗച്ചർ നമ്പർ, തുക | 21901010/01.06.19 = 29,599/- ( CFC G)<br>ട്രഷറി ബിൽ 102/18-19 = 52200/- |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം ഗ്രാമ പഞ്ചായത്തിലെ 1-ാം വാർഡിൽ നിലവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന കുടിവെള്ള പദ്ധതിയാണിത്. നിലവിൽ ഈ പദ്ധതിയിൽ ഒരു Open Well ഉം പമ്പ് ഹൗസ്, പൈപ്പ് ലൈൻ, കുടിവെള്ള ടാങ്ക് എന്നിവ ഉള്ളതും നൂറ്റിപതിനൊന്ന് വീടുകൾക്ക് കുടിവെള്ള വിതരണം നടത്തുന്നതുമാണ്. എന്നാൽ വേനൽക്കാലത്ത് ഈ Open Well ൽ നിന്നുള്ള വെള്ളത്തിന്റെ ലഭ്യത കുറയുകയും കുടിവെള്ള വിതരണം കാര്യക്ഷമമായി നടത്താൻ കഴിയാതെ വരികയും ചെയ്യുന്നു. അതിനാൽ ബോർവെൽ സ്ഥാന നിർണ്ണയം നടത്തി പുതിയ ഒരു കുഴൽ കിണർ കുഴിക്കുന്നതിനും, നിലവിലുള്ള ലൈനിലേക്ക് പിടിപ്പിക്കുന്നതിനും അത് മൂലം കുടിവെള്ളക്ഷാമം പൂർണ്ണമായും പരിഹരിക്കുന്നതിനുമാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് പ്രകാരം ഇനം 1 – ബോർവെൽ നിർമ്മാണവും, ഇനം 2- പൈപ്പ് ലൈൻ വർക്കും, ഇനം 3- Lumpsum Provision ആയി 5,895/- രൂപയും ആണ് വകയിരുത്തിയിട്ടുള്ളത്. പ്രവൃത്തി ടെണ്ടർ ചെയ്ത് കരാറിൽ ഏർപ്പെട്ടിട്ടുള്ളത് ഇനം 1, ഇനം 2

എന്നിവ നിർവ്വഹിക്കാനാണ്.

പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1) എം ബുക്കിൽ രേഖപ്പെടുത്തിയ ഫൈനൽ ബിൽ പ്രകാരം ഇനം 1.05 – Yield Test നടത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ റിസൽട്ട് ലഭ്യമായിട്ടില്ല.

2) ഇനം 1.06 ജലത്തിന്റെ ഗുണനിലവാര പരിശോധനയാണ്. ആയത് നിർവ്വഹിച്ചിട്ടില്ല.

3) ഇനം 2- പ്രവൃത്തി നിർവ്വഹിച്ചിട്ടില്ല. പകരം എക്സ്ട്രാ ഐറ്റം ആയി പതിനാല് ഇനം പ്രവൃത്തികൾ (E1 To E14) ആണ് നിർവ്വഹിച്ചിട്ടുള്ളത്. എന്നാൽ ഫൈനൽ ബിൽ അനുവദിക്കുന്നതിന് മുൻപായി റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കുകയോ സാങ്കേതിക അനുമതി നൽകിയ അധികാര സ്ഥാനത്ത് നിന്നും പുതുക്കിയ സാങ്കേതിക അനുമതി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

4) എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് പ്രത്യേകം പ്രൊജക്ടാണ് കൊടുത്തിരിക്കുന്നത്. എന്നാൽ ഇലക്ട്രിഫിക്കേഷനടക്കമുള്ള തുടർ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടില്ല.

വ്യക്തമായ അസറ്റ് മാനേജ്മെന്റ് പ്ലാനിന്റെ അഭാവത്തിൽ പ്രോജക്ടുകൾ ലക്ഷ്യം നേടാതെ അവസാനിക്കുന്നത് ഒഴിവാക്കാൻ തുടർ നടപടി അനിവാര്യമാണ്. അതിനാൽ മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതോടൊപ്പം പുതുതായി കുഴിച്ച കുഴൽ കിണർ ജനോപകാരപ്രദമാക്കാൻ സ്വീകരിച്ച നടപടി അറിയിക്കേണ്ടതാണ്.

മേൽ വിവരിച്ച കാരണങ്ങളാൽ 2019-20 ൽ ചെലവഴിച്ച 29,599 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം.50/17.12.21)

## 1-33 അർണോസ് നഗർ കുടിവെള്ളപദ്ധതി വാർഡ് 7 – നിർവ്വഹണ അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നമ്പർ | 144/18, 165/20 |
| പ്രൊജക്ട് | അർണോസ് നഗർ കുടിവെള്ളപദ്ധതി വാർഡ് 7 |
| സാങ്കേതികാനുമതി | 89915/2017-18 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2017-18/102466 Dtd. 22.11.17 |
| സാങ്കേതികാനുമതി തുക | 8,65,000 രൂപ |
| കരാറുകാരൻ | ശ്രീ. നന്ദനൻ. എം |
| കരാർ നിരക്ക് | 613845.29 |
| കരാർ ഉടമ്പടി | 81/AE/LSGD/VLR/17-18 Dtd. 29.12.17 |
| എം.ബുക്ക് | 330/16-17, 397/18-19 |
| വൗച്ചർ നമ്പർ, തുക | 21901013/01.06.19 = 5,29,996 ( CFC G)<br>21901034/25.07.19 = 93,398 ( CFC G)<br>ട്രഷറി ബിൽ 28/18-19 = 82121 |

മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം, വേലൂർ പള്ളിയുടെ കിഴക്ക് ഭാഗത്ത് തെക്കേക്കര കുടിവെള്ള പദ്ധതിയിൽ നിന്നാണ് വെള്ളം എത്തിച്ചിരുന്നത്. പള്ളിയുടെ കിഴക്ക് ഭാഗം ഉയർന്നസ്ഥലത്ത് ഒരു ടാങ്ക് നിർമ്മിച്ച് കള്ളിയത്ത് റോഡ് പരിസരത്ത് ഒരു കുഴൽകിണർ കുത്തി 11000 ലിറ്റർ ടാങ്കിലേക്ക് വെള്ളം പമ്പ് ചെയ്ത് പഴയവിതരണ ലൈൻ പള്ളി പ്രദേശത്ത് ക്ലോസ് ചെയ്ത് ടി-ലൈൻ ഉപയോഗപ്പെടുത്തി 33 കുടുംബങ്ങൾക്ക് വെള്ളം എത്തിക്കാൻ വേണ്ടിയാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. തെക്കേക്കര പദ്ധതിയിൽ നിന്നും അർണോസ് നഗർ പ്രദേശത്തേക്ക് നിലവിലുള്ള മോട്ടോറും, കിണറും, ടാങ്കും ഉപയോഗപ്പെടുത്തി വെള്ളം എത്തിക്കാനാവാത്തതിനാലാണ് പുതിയ പദ്ധതി തയ്യാറാക്കിയിട്ടുള്ളതെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം കുഴൽകിണർ കുഴിക്കുന്നതിനും, വാട്ടർടാങ്ക്, മീറ്റർ ഹൗസ് എന്നിവ നിർമ്മിക്കുന്നതിനും, പൈപ്പ് ലൈൻ വർക്കുകൾക്കും ആണ് പ്രധാനമായും തുക വകയിരുത്തിയിട്ടുള്ളത്. ഇതിനു പുറമേ മോട്ടോറിനും, ഇലക്ട്രിഫിക്കേഷനുമായി LS Provision ആയി 2 ലക്ഷം രൂപയും, മറ്റ് പ്രതീക്ഷിത ചെലവുകൾക്കുമാണ് തുക വകയിരുത്തിയിട്ടുള്ളത്.

പ്രവൃത്തിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1) പ്രവൃത്തിയുടെ ഫൈനൽബിൽ എം.ബുക്ക് 397/18-19 ൽ പേജ് 9 മുതൽ 38 വരെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പേജ് 9 ലെ രേഖപ്പെടുത്തൽ പ്രകാരം പ്രവൃത്തിയുടെ ഇനം 1-1 കുഴൽകിണർ കുഴിക്കുന്നതിനായുള്ള ഇൻവെസ്റ്റിഗേഷൻ ചാർജ്ജ് ഭൂജലവകുപ്പിൽ അടവാക്കുന്നതിനാണ്. ഇതനുസരിച്ച് 5 ബോർവെല്ലിനായി ഇൻവെസ്റ്റിഗേഷൻ ചാർജ്ജ് അടവാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഫയലിൽ, രശീതി നം. 996097/12.01.18, 528423/17.09.18, 528578/13.11.18 എന്നീ മൂന്ന് TR5 രശീതികൾ പ്രകാരം ഭൂജലവകുപ്പിൽ ഇൻവെസ്റ്റിഗേഷൻ ചാർജ്ജ് അടവാക്കിയതിന്റെ രേഖകൾ മാത്രമേ സൂക്ഷിച്ചിട്ടുള്ളൂ. ഇൻവെസ്റ്റിഗേഷൻ ചാർജ്ജ് അടവാക്കിയ TR5 രശീതികളുടെ അഭാവത്തിൽ 5 ബോർവെല്ലിനായി ഇൻവെസ്റ്റിഗേഷൻ ചാർജ്ജ് അടവാക്കിയതായി രേഖപ്പെടുത്തി തുക അനുവദിച്ചതിന്റെ ആധികാരികത ഉറപ്പാക്കാനാകുന്നില്ല.

2) പഞ്ചായത്ത് ഭരണസമിതിയുടെ 14.02.18 ലെ തീരുമാനം (1), 09.08.18 ലെ തീരുമാനം 16(1), 25.10.18 ലെ തീരുമാനം 5(1) എന്നിവപ്രകാരം അർണോസ് നഗർ കുടിവെള്ള പദ്ധതിക്ക് കുഴൽകിണർ കുഴിച്ചപ്പോൾ വെള്ളം ലഭിക്കാത്തതിനാൽ അടങ്കലിൽ വ്യത്യാസമില്ലാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ അനുമതി നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഭൂജല വകുപ്പിൽ നിന്നും പരാജയപ്പെട്ടതായി രേഖപ്പെടുത്തിയ നാല് കുഴൽകിണറുകളുടേയും Yield Test റിസൽട്ട് ലഭ്യമാക്കിയിട്ടില്ല. അതിനാൽ 5 ബോർവെൽ കുഴിച്ചതിനുള്ള

ചെലവായി 199584 + 69646.5 = 269230.5 രൂപ ഇനം 1-2, എക്സ്ട്രാ ഐറ്റം 1 എന്നീ ഇനങ്ങളിൽ അനുവദിച്ചതിന്റെ നിജസ്ഥിതി ഉറപ്പുവരുത്താനായില്ല.

3) Water Quality Test ന് എസ്റ്റിമേറ്റ് പ്രകാരം തുക വകയിരുത്തിയിരുന്നെങ്കിലും Yield Test റിസൽട്ട് ലഭ്യമാക്കിയ കുഴൽകിണറിലെ ജലത്തിന്റെ Quality Test നടത്തിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 22/14.12.21)

## 1-34 "വിവിധ കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ വാങ്ങുന്നതിന്" പ്രോജക്ട് നം. 175/20 – അപാകതകൾ

ഗ്രാമ പഞ്ചായത്ത് 2019-20 ൽ സ്പിൽ ഓവറായി "വിവിധ കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ വാങ്ങുന്നതിന്" എന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ, ഈ പ്രോജക്ടിന്റെ രൂപീകരണ ഫോറം 3 ലെ രേഖപ്പെടുത്തൽ പ്രകാരം കോടശ്ശേരി, പള്ളിക്കളം, തയ്യൂർ, മൂരായിൽ, വടക്കുമുറി, ശാന്തിനഗർ, പാത്രമംഗലം എന്നീ കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ വാങ്ങുന്നതിനും കീഴ്തണ്ടിലം, വടക്കുമുറി കുടിവെള്ള പദ്ധതികളുടെ പാനൽ ബോർഡ് മാറ്റുന്നതിനും, മുത്തിരുവ് കുടിവെള്ള പദ്ധതിയുടെ കേബിൾ മാറ്റുന്നതിനുമാണ് പ്രോജക്ടിൽ 7 ലക്ഷം രൂപ വകയിരുത്തിയതായി കാണുന്നത്. ജില്ലാ പഞ്ചായത്തിന് കീഴിലുള്ള ഇലക്ട്രിക്കൽ കമ്മിറ്റി സാങ്കേതികാനുമതി നൽകിയതായി ഫയലിൽ ലഭ്യമായിട്ടുള്ള വിശദാംശങ്ങൾ താഴെ പട്ടികപ്പെടുത്തുന്നു.

| പ്രവൃത്തിയുടെ വിശദാംശം | സാങ്കേതികാനുമതി ഉത്തരവ് | തുക(രൂപയിൽ) |
|---|---|---|
| മുത്തിരുവ് DWSS, കീഴ് തണ്ടിലം DWSS, വടക്കുമുറി DWSS | 205/EE /LSGD/Ele.Committee /2017-18 Dtd. 14.02.18 | 32,000 |
| പള്ളിക്കളം DWSS സബ്മേഴ്സിബിൾ മോട്ടോർ | 196/EE /LSGD/Ele.Committee /2017-18 Dtd. 14.02.18 | 2,11,000 |
| കോടശ്ശേരി DWSS സബ്മേഴ്സിബിൾ മോട്ടോർ | 197/EE /LSGD/Ele.Committee /2017-18 Dtd. 14.02.18 | 2,40,000 |
| തയ്യൂർ കരിശുപള്ളി DWSS | 220/EE /LSGD/Ele.Committee /2017-18 Dtd. 14.02.18 | 1,55,000 |

ഫയലിൽ ലഭ്യമായ രേഖകൾ പ്രകാരം, പള്ളിക്കളം DWSS സബ്മേഴ്സിബിൾ മോട്ടോർ, കോടശ്ശേരി DWSS സബ്മേഴ്സിബിൾ മോട്ടോർ, തയ്യൂർ കുരിശുപള്ളി DWSS എന്നീ പ്രവൃത്തികൾക്കായി ഇ-ടെണ്ടർ ചെയ്തതിൽ ശ്രീ.നന്ദനൻ.എം എന്ന കരാറുകാരന്റെ 5,04,235.50 രൂപയുടെ ടെണ്ടർ അംഗീകരിച്ച് (ഭരണസമിതിയുടെ 30.05.18 ലെ തീരുമാനം(11)) 01/AE/LSGD/VLR/18-19 Dtd. 30.05.18 പ്രകാരം കരാറിൽ ഏർപ്പെട്ടതായാണ് കാണുന്നത്. പ്രവൃത്തിയുടെ ബിൽ തയ്യാറാക്കിയത് പ്രകാരവും, എം.ബുക്ക് 391/16-17 പേജ് 17 ൽ രേഖപ്പെടുത്തിയ മൂല്യപ്രകാരവും ചെയ്ത പ്രവൃത്തിയുടെ മൂല്യം 4,73,053 രൂപയുടേതാണ്. ഇതേ എം.ബുക്ക് പേജ് 18 ൽ ഇലക്ട്രിക്കൽ കമ്മിറ്റിയുടെ പ്രതിഫലം 20,169.42 രൂപയും രേഖപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് ആകെ മൂല്യം 4,93,222.42 ~ 4,93,222 ( 473053 + 20169) രൂപയാണ്. ഇതിൽ 4,34,346 രൂപ 2018-19 ൽ ട്രഷറി ബിൽ41/31.10.18 പ്രകാരം അനുവദിച്ചിട്ടുണ്ട്.

2019-20 സാമ്പത്തിക വർഷത്തിൽ, തുടർന്ന് എം.ബുക്കിൽ അളവുകൾ രേഖപ്പെടുത്താതെയും, ബിൽ തയ്യാറാക്കാതെയും ട്രഷറി ബിൽ 35/26.07.19 (വൗച്ചർ നമ്പർ 21901036/25.07.19) പ്രകാരം ഈ പ്രോജക്ടിൽ 90,920 രൂപ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം രണ്ട് വർഷങ്ങളിലായി ആകെ 5,25,266 രൂപ (4,34,346 + 90,920) ഈ പ്രോജക്ടിൽ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ എം.ബുക്കിലെ രേഖപ്പെടുത്തൽ പ്രകാരം ഇലക്ട്രിക്കൽ കമ്മിറ്റിയുടെ പ്രതിഫലം അടക്കം ആകെ മൂല്യം 4,93,222 രൂപയാണ്.

പ്രസ്തുത മൂല്യത്തേക്കാളും ഉയർന്ന തുക (അംഗീകരിച്ച ടെണ്ടർ തുകയുടെ പരമാവധി മൂല്യം പോലും 5,04,235.50 രൂപയാണ് എന്നിരിക്കെ) ഈ പ്രോജക്ടിൽ ചെലവ് രേഖപ്പെടുത്തിയതിന്റെ കാരണം അറിയിക്കുന്നതോടൊപ്പം, എം.ബുക്കിൽ അളവുകൾ രേഖപ്പെടുത്താതെയും, മരാമത്ത് ബിൽ തയ്യാറാക്കാതെയും ട്രഷറി ബിൽ 35/26.07.19 (വൗച്ചർ നമ്പർ 21901036/25.07.19 CFC G) പ്രകാരം ഈ പ്രോജക്ടിൽ 90,920 രൂപ ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 29/15.12.21) മറുപടി ലഭിച്ചില്ല.

എം ബുക്കിൽ രേഖപ്പെടുത്തിയ മൂല്യത്തേക്കാളും കൂടുതൽ ചെലവഴിച്ച 32,044 രൂപ (525266 – 493222) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

ഇപ്രകാരം അധികം നൽകിയ 32,044 രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ കരാറുകാരനിൽ നിന്നും തുക ഈടാക്കാൻ സാധിച്ചില്ലെങ്കിൽ തെറ്റായി ബിൽ തുക അനുവദിച്ചുനൽകിയ എഞ്ചിനീയറിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

## 1-35 കാലിബാരൽ വില ഈടാക്കാതെ കരാറുകാർക്ക് ബിൽ തുക അനുവദിച്ചതിനാൽ അധിക ചെലവ്

1)

| | |
|---|---|
| പ്രൊജക്ട് നമ്പർ | 106/19, 217/20 |
| പ്രൊജക്ട് | ഫോറസ്റ്റ് സ്റ്റേഷൻ റോഡ് |
| സാങ്കേതികാനുമതി | 29137/18-19 |

| | |
|---|---|
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2018-19/73450 Dtd. 01.06.18 |
| സാങ്കേതികാനുമതി തുക | 4,00,000 രൂപ |
| കരാറുകാരൻ | ശ്രീ. റോയ് ആന്റോ |
| കരാർ നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് |
| കരാർ ഉടമ്പടി | 33/AE/LSGD/VLR/18-19 Dtd. 26.09.18 |
| എം.ബുക്ക് | 335/18-19 |
| വൗച്ചർ നമ്പർ, തുക | 21901024/28.06.19 = 3,00,000 ( CFC G)<br>ട്രഷറി ബിൽ 55/18-19 = 1,00,000 |

മേൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ നൽകിയതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രവൃത്തിയുടെ ആകെ മൂല്യം | | 400000 |
| (-) പാർട്ട് പേയ്മെന്റ് (2018-19 ൽ) | 100000 | |
| ബാക്കി | | 300000 |
| (-)ആദായനികുതി 1% | 3000 | |
| (-)ക്ഷേമനിധി വിഹിതം 1% | 3000 | |
| (-)ജി.എസ്.ടി 2% | 6000 | |
| ആകെ കിഴിവ് | | 12000 |
| കരാറുകാരന് നൽകിയത് | | 288000 |

എം ബുക്ക് പേജ് 22 ലെ രേഖപ്പെടുത്തൽ പ്രകാരം ഈ പ്രവൃത്തിക്കായി S65 ബിറ്റുമിൻ 833.09 കി.ഗ്രാം ഉം, RS1 ബിറ്റുമിൻ 108.58 കി.ഗ്രാം ഉം, SS1 ബിറ്റുമിൻ 335.65 കി.ഗ്രാം ഉം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം Packed Bitumen ന്റെ മാർക്കറ്റ് നിരക്കാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ടുതന്നെ കരാറുകാരന് ഫൈനൽ ബിൽ അനുവദിക്കുമ്പോൾ കാലി ബാരൽ വില ഈടാക്കേണ്ടതായിരുന്നു (2018-19 ൽ തുക അനുവദിച്ചപ്പോഴും ഈടാക്കിയിട്ടില്ല). എന്നാൽ കാലി ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് തുക അനുവദിച്ചിട്ടുള്ളത് (S65 ബിറ്റുമിൻ 833.09/156 = 5 ബാരൽ , RS1, SS1 ബിറ്റുമിൻ (108.58 + 335.65)/182 = 2 ബാരൽ ആകെ 7 ബാരൽ. വിശദവിവരം താഴെ പട്ടികപ്പെടുത്തുന്നു.

| | | |
|---|---|---|
| പ്രവൃത്തിയുടെ ആകെ മൂല്യം | | 400000 |
| (-) പാർട്ട് പേയ്മെന്റ് ( 2018-19 ൽ) | 100000 | |
| ബാക്കി | | 300000 |
| (-)ആദായനികുതി 1% | 3000 | |
| (-)ക്ഷേമനിധി വിഹിതം 1% | 3000 | |
| (-)ജി.എസ്.ടി 2% | 6000 | |
| (-)കാലി ബാരൽ വില 7 എണ്ണം @ 238/one | 1666 | |
| (-)കാലി ബാരൽ വിലയുടെ ജി.എസ്.ടി 18 % | 300 | |
| ആകെ കിഴിവ് | | 13966 |
| കരാറുകാരന് അർഹമായത് | | 286034 |
| കരാറുകാരന് നൽകിയത് | | 288000 |
| അധികം നൽകിയത് | | 1966 |

ഇപ്രകാരം അധികം നൽകിയ 1966 രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ കരാറുകാരനിൽ നിന്നും തുക ഈടാക്കാൻ സാധിച്ചില്ലെങ്കിൽ തെറ്റായി ബിൽ തുക അനുവദിച്ചുനൽകിയ എഞ്ചിനീയറിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

2)

| | |
|---|---|
| പ്രൊജക്ട് നമ്പർ | 90/19, 188/20 |
| പ്രൊജക്ട് | ഞാലിക്കര റോഡ് റീ ടാറിങ്ങ് |
| സാങ്കേതികാനുമതി | 62152/18-19 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2018-19/98981 Dtd. 03.07.18 |
| സാങ്കേതികാനുമതി തുക | 2,12,000 രൂപ |
| കരാറുകാരൻ | ശ്രീ. അനിരുദ്ധൻ. ടി.വി |
| കരാർ നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് |
| കരാർ ഉടമ്പടി | 64/AE/LSGD/VLR/18-19 Dtd. 19.12.18 |

| | |
|---|---|
| എം.ബുക്ക് | 380/18-19 |
| വൗച്ചർ നമ്പർ, തുക | 21901070/25.10.19 = 2,11,472 ( MG R) |

മേൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ നൽകിയതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രവൃത്തിയുടെ ആകെ മൂല്യം | | 211472 |
| (-)ആദായനികുതി 1% | 2115 | |
| (-)ക്ഷേമനിധി വിഹിതം 1% | 2115 | |
| ആകെ കിഴിവ് | | 4230 |
| കരാറുകാരന് നൽകിയത് | | 207242 |

എം ബുക്ക് പേജ് 14ലെ രേഖപ്പെടുത്തൽ പ്രകാരം ഈ പ്രവൃത്തിക്കായി S65 ബിറ്റുമിൻ 1784.87 കി.ഗ്രാം ഉം, RS1 ബിറ്റുമിൻ 177.53 കി.ഗ്രാം ഉം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം Packed Bitumen ന്റെ മാർക്കറ്റ് നിരക്കാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ടുതന്നെ കരാറുകാരന് ഫൈനൽ ബിൽ അനുവദിക്കുമ്പോൾ കാലി ബാരൽ വില ഈടാക്കേണ്ടതായിരുന്നു. എന്നാൽ കാലി ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് തുക അനുവദിച്ചിട്ടുള്ളത് ( S65 ബിറ്റുമിൻ 1784.87/156 = 11 ബാരൽ , RS1ബിറ്റുമിൻ 177.53/182 ~ 1 ബാരൽ ആകെ 12 ബാരൽ. അതുകാരണം കരാറുകാരന് അധികതുക അനുവദിക്കാനിടയായി. വിശദവിവരം താഴെ പട്ടികപ്പെടുത്തുന്നു.

| | | |
|---|---|---|
| പ്രവൃത്തിയുടെ ആകെ മൂല്യം | | 211472 |
| (-)ആദായനികുതി 1% | 2115 | |
| (-)ക്ഷേമനിധി വിഹിതം 1% | 2115 | |
| (-)കാലി ബാരൽ വില 12 എണ്ണം @ 238/one | 2856 | |
| (-)കാലി ബാരൽ വിലയുടെ ജി.എസ്.ടി 18 % | 514 | |
| ആകെ കിഴിവ് | | 7600 |
| കരാറുകാരന് അർഹമായത് | | 203872 |
| കരാറുകാരന് നൽകിയത് | | 207242 |
| അധികം നൽകിയത് | | 3370 |

ഇപ്രകാരം അധികം നൽകിയ 3370 രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ കരാറുകാരനിൽ നിന്നും തുക ഈടാക്കാൻ സാധിച്ചില്ലെങ്കിൽ തെറ്റായി ബിൽ തുക അനുവദിച്ചുനൽകിയ എഞ്ചിനീയറിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 11/10.12.21)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കാലിബാരൽ വില ഈടാക്കാതെ കരാറുകാർക്ക് ബിൽ തുക അനുവദിച്ചതിനാൽ അധിക ചെലവ്

1)

| | |
|---|---|
| പ്രൊജക്ട് നമ്പർ | 106/19, 217/20 |
| പ്രൊജക്ട് | ഫോറസ്റ്റ് സ്റ്റേഷൻ റോഡ് |
| സാങ്കേതികാനുമതി | 29137/18-19 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2018-19/73450 Dtd. 01.06.18 |
| സാങ്കേതികാനുമതി തുക | 4,00,000 രൂപ |
| കരാറുകാരൻ | ശ്രീ. റോയ് ആന്റോ |
| കരാർ നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് |
| കരാർ ഉടമ്പടി | 33/AE/LSGD/VLR/18-19 Dtd. 26.09.18 |
| എം.ബുക്ക് | 335/18-19 |
| വൗച്ചർ നമ്പർ, തുക | 21901024/28.06.19 = 3,00,000 ( CFC G) |

| | |
|---|---|
| | ട്രഷറി ബിൽ 55/18-19 = 1,00,000 |

മേൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ നൽകിയതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രവൃത്തിയുടെ ആകെ മൂല്യം | | 400000 |
| (-) പാർട്ട് പേയ്മന്റ് ( 2018-19 ൽ) | 100000 | |
| ബാക്കി | | 300000 |
| (-)ആദായനികുതി 1% | 3000 | |
| (-)ക്ഷേമനിധി വിഹിതം 1% | 3000 | |
| (-)ജി.എസ്.ടി 2% | 6000 | |
| ആകെ കിഴിവ് | | 12000 |
| കരാറുകാരന് നൽകിയത് | | 288000 |

എം ബുക്ക് പേജ് 22 ലെ രേഖപ്പെടുത്തൽ പ്രകാരം ഈ പ്രവൃത്തിക്കായി S65 ബിറ്റുമിൻ 833.09 കി.ഗ്രാം ഉം, RS1 ബിറ്റുമിൻ 108.58 കി.ഗ്രാം ഉം, SS1 ബിറ്റുമിൻ 335.65 കി.ഗ്രാം ഉം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം Packed Bitumen ന്റെ മാർക്കറ്റ് നിരക്കാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ടുതന്നെ കരാറുകാരന് ഫൈനൽ ബിൽ അനുവദിക്കുമ്പോൾ കാലി ബാരൽ വില ഈടാക്കേണ്ടതായിരുന്നു (2018-19 ൽ തുക അനുവദിച്ചപ്പോഴും ഈടാക്കിയിട്ടില്ല). എന്നാൽ കാലി ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് തുക അനുവദിച്ചിട്ടുള്ളത് (S65 ബിറ്റുമിൻ 833.09/156 = 5 ബാരൽ , RS1, SS1 ബിറ്റുമിൻ (108.58 + 335.65)/182 = 2 ബാരൽ ആകെ 7 ബാരൽ. വിശദവിവരം താഴെ പട്ടികപ്പെടുത്തുന്നു.

| | | |
|---|---|---|
| പ്രവൃത്തിയുടെ ആകെ മൂല്യം | | 400000 |
| (-) പാർട്ട് പേയ്മന്റ് ( 2018-19 ൽ) | 100000 | |
| ബാക്കി | | 300000 |
| (-)ആദായനികുതി 1% | 3000 | |
| (-)ക്ഷേമനിധി വിഹിതം 1% | 3000 | |
| (-)ജി.എസ്.ടി 2% | 6000 | |
| (-)കാലി ബാരൽ വില 7 എണ്ണം @ 238/one | 1666 | |
| (-)കാലി ബാരൽ വിലയുടെ ജി.എസ്.ടി 18 % | 300 | |
| ആകെ കിഴിവ് | | 13966 |
| കരാറുകാരന് അർഹമായത് | | 286034 |
| കരാറുകാരന് നൽകിയത് | | 288000 |
| അധികം നൽകിയത് | | 1966 |

ഇപ്രകാരം അധികം നൽകിയ 1966 രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ കരാറുകാരനിൽ നിന്നും തുക ഈടാക്കാൻ സാധിച്ചില്ലെങ്കിൽ തെറ്റായി ബിൽ തുക അനുവദിച്ചുനൽകിയ എഞ്ചിനീയറിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

2)

| | |
|---|---|
| പ്രൊജക്ട് നമ്പർ | 90/19, 188/20 |
| പ്രൊജക്ട് | ഞാലിക്കര റോഡ് റീ ടാറിങ്ങ് |
| സാങ്കേതികാനുമതി | 62152/18-19 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2018-19/98981 Dtd. 03.07.18 |
| സാങ്കേതികാനുമതി തുക | 2,12,000 രൂപ |
| കരാറുകാരൻ | ശ്രീ. അനിരുദ്ധൻ. ടി.വി |
| കരാർ നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് |
| കരാർ ഉടമ്പടി | 64/AE/LSGD/VLR/18-19 Dtd. 19.12.18 |
| എം.ബുക്ക് | 380/18-19 |
| വൗച്ചർ നമ്പർ, തുക | 21901070/25.10.19 = 2,11,472 (MG R) |

മേൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ നൽകിയതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രവൃത്തിയുടെ ആകെ മൂല്യം | | 211472 |
| (-)ആദായനികുതി 1% | 2115 | |
| (-)ക്ഷേമനിധി വിഹിതം 1% | 2115 | |
| ആകെ കിഴിവ് | | 4230 |
| കരാറുകാരന് നൽകിയത് | | 207242 |

എം ബുക്ക് പേജ് 14ലെ രേഖപ്പെടുത്തൽ പ്രകാരം ഈ പ്രവൃത്തിക്കായി S65 ബിറ്റുമിൻ 1784.87 കി.ഗ്രാം ഉം, RS1 ബിറ്റുമിൻ 177.53 കി.ഗ്രാം ഉം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം Packed Bitumen ന്റെ മാർക്കറ്റ് നിരക്കാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ടുതന്നെ കരാറുകാരന് ഫൈനൽ ബിൽ അനുവദിക്കുമ്പോൾ കാലി ബാരൽ വില ഈടാക്കേണ്ടതായിരുന്നു. എന്നാൽ കാലി ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് തുക അനുവദിച്ചിട്ടുള്ളത് ( S65 ബിറ്റുമിൻ 1784.87/156 = 11 ബാരൽ , RS1ബിറ്റുമിൻ 177.53/182 ~ 1 ബാരൽ ആകെ 12 ബാരൽ. അതുകാരണം കരാറുകാരന് അധികതുക അനുവദിക്കാനിടയായി. വിശദവിവരം താഴെ പട്ടികപ്പെടുത്തുന്നു.

| | | |
|---|---|---|
| പ്രവൃത്തിയുടെ ആകെ മൂല്യം | | 211472 |
| (-)ആദായനികുതി 1% | 2115 | |
| (-)ക്ഷേമനിധി വിഹിതം 1% | 2115 | |
| (-)കാലി ബാരൽ വില 12 എണ്ണം @ 238/one | 2856 | |
| (-)കാലി ബാരൽ വിലയുടെ ജി.എസ്.ടി 18 % | 514 | |
| ആകെ കിഴിവ് | | 7600 |
| കരാറുകാരന് അർഹമായത് | | 203872 |
| കരാറുകാരന് നൽകിയത് | | 207242 |
| അധികം നൽകിയത് | | 3370 |

ഇപ്രകാരം അധികം നൽകിയ 3,370 രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ കരാറുകാരനിൽ നിന്നും തുക ഈടാക്കാൻ സാധിച്ചില്ലെങ്കിൽ തെറ്റായി ബിൽ തുക അനുവദിച്ചുനൽകിയ എഞ്ചിനീയറിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 11/10.12.21)

## 3-2 "വിവിധ കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ വാങ്ങുന്നതിന്" പ്രോജക്ട് നം. 175/20 – അപാകതകൾ

ഗ്രാമ പഞ്ചായത്ത് 2019-20 ൽ സ്പിൽ ഓവറായി "വിവിധ കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ വാങ്ങുന്നതിന്" എന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ, ഈ പ്രോജക്ടിന്റെ രൂപീകരണ ഫോറം 3 ലെ രേഖപ്പെടുത്തൽ പ്രകാരം കോടശ്ശേരി, പള്ളിക്കുളം, തയ്യൂർ, മൂരായിൽ, വടക്കുമുറി, ശാന്തിനഗർ, പാത്രമംഗലം എന്നീ കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ വാങ്ങുന്നതിനും കീഴ്തണ്ടിലം, വടക്കുമുറി കുടിവെള്ള പദ്ധതികളുടെ പാനൽ ബോർഡ് മാറ്റുന്നതിനും, മുത്തിരുവ് കുടിവെള്ള പദ്ധതിയുടെ കേബിൾ മാറ്റുന്നതിനുമാണ് പ്രോജക്ടിൽ 7 ലക്ഷം രൂപ വകയിരുത്തിയതായി കാണുന്നത്. ജില്ലാ പഞ്ചായത്തിന് കീഴിലുള്ള ഇലക്ട്രിക്കൽ കമ്മിറ്റി സാങ്കേതികാനുമതി നൽകിയതായി ഫയലിൽ ലഭ്യമായിട്ടുള്ള വിശദാംശങ്ങൾ താഴെ പട്ടികപ്പെടുത്തുന്നു.

| പ്രവൃത്തിയുടെ വിശദാംശം | സാങ്കേതികാനുമതി ഉത്തരവ് | തുക(രൂപയിൽ) |
|---|---|---|
| മുത്തിരുവ് DWSS, കീഴ് തണ്ടിലം DWSS, വടക്കുമുറി DWSS | 205/EE /LSGD/Ele.Committee /2017-18 Dtd. 14.02.18 | 32,000 |
| പള്ളിക്കുളം DWSS സബ്മേഴ്സിബിൾ മോട്ടോർ | 196/EE /LSGD/Ele.Committee /2017-18 Dtd. 14.02.18 | 2,11,000 |
| കോടശ്ശേരി DWSS സബ്മേഴ്സിബിൾ മോട്ടോർ | 197/EE /LSGD/Ele.Committee /2017-18 Dtd. 14.02.18 | 2,40,000 |
| തയ്യൂർ കരിശുപള്ളി DWSS | 220/EE /LSGD/Ele.Committee /2017-18 Dtd. 14.02.18 | 1,55,000 |

ഫയലിൽ ലഭ്യമായ രേഖകൾ പ്രകാരം, പള്ളിക്കുളം DWSS സബ്മേഴ്സിബിൾ മോട്ടോർ, കോടശ്ശേരി DWSS സബ്മേഴ്സിബിൾ മോട്ടോർ, തയ്യൂർ കരിശുപള്ളി DWSS എന്നീ പ്രവൃത്തികൾക്കായി ഇ-ടെണ്ടർ ചെയ്തതിൽ ശ്രീ.നന്ദനൻ.എം എന്ന കരാറുകാരന്റെ 5,04,235.50 രൂപയുടെ ടെണ്ടർ അംഗീകരിച്ച് (ഭരണസമിതിയുടെ 30.05.18 ലെ തീരുമാനം(11)) 01/AE/LSGD/VLR/18-19 Dtd. 30.05.18 പ്രകാരം കരാറിൽ ഏർപ്പെട്ടതായാണ് കാണുന്നത്. പ്രവൃത്തിയുടെ ബിൽ തയ്യാറാക്കിയത് പ്രകാരവും, എം.ബുക്ക് 391/16-17 പേജ് 17 ൽ രേഖപ്പെടുത്തിയ മൂല്യപ്രകാരവും ചെയ്ത പ്രവൃത്തിയുടെ മൂല്യം 4,73,053 രൂപയുടേതാണ്. ഇതേ എം.ബുക്ക് പേജ് 18 ൽ ഇലക്ട്രിക്കൽ കമ്മിറ്റിയുടെ പ്രതിഫലം 20,169.42 രൂപയും രേഖപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് ആകെ മൂല്യം 4,93,222.42 ~ 4,93,222 ( 473053 + 20169) രൂപയാണ്. ഇതിൽ 4,34,346 രൂപ 2018-19 ൽ ട്രഷറി ബിൽ41/31.10.18 പ്രകാരം അനുവദിച്ചിട്ടുണ്ട്.

2019-20 സാമ്പത്തിക വർഷത്തിൽ, തുടർന്ന് എം.ബുക്കിൽ അളവുകൾ രേഖപ്പെടുത്താതെയും, ബിൽ തയ്യാറാക്കാതെയും ട്രഷറി ബിൽ 35/26.07.19 (വൗച്ചർ നമ്പർ 21901036/25.07.19) പ്രകാരം ഈ പ്രോജക്ടിൽ 90,920 രൂപ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം രണ്ട് വർഷങ്ങളിലായി ആകെ 5,25,266 രൂപ (4,34,346 + 90,920) ഈ പ്രോജക്ടിൽ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ എം.ബുക്കിലെ രേഖപ്പെടുത്തൽ പ്രകാരം ഇലക്ട്രിക്കൽ കമ്മിറ്റിയുടെ പ്രതിഫലം അടക്കം ആകെ മൂല്യം 4,93,222 രൂപയാണ്.

പ്രസ്തുത മൂല്യത്തേക്കാളും ഉയർന്ന തുക (അംഗീകരിച്ച ടെണ്ടർ തുകയുടെ പരമാവധി മൂല്യം പോലും 5,04,235.50 രൂപയാണ് എന്നിരിക്കെ)

ഈ പ്രോജക്ടിൽ ചെലവ് രേഖപ്പെടുത്തിയതിന്റെ കാരണം അറിയിക്കുന്നതോടൊപ്പം, എം.ബുക്കിൽ അളവുകൾ രേഖപ്പെടുത്താതെയും, മരാമത്ത് ബിൽ തയ്യാറാക്കാതെയും ട്രഷറി ബിൽ 35/26.07.19 (വൗച്ചർ നമ്പർ 21901036/25.07.19 CFC G) പ്രകാരം ഈ പ്രോജക്ടിൽ 90,920 രൂപ ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 29/15.12.21) മറുപടി ലഭിച്ചില്ല.

എം ബുക്കിൽ രേഖപ്പെടുത്തിയ മൂല്യത്തേക്കാളും കൂടുതൽ ചെലവഴിച്ച 32,044 രൂപ (525266 – 493222) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

ഇപ്രകാരം അധികം നൽകിയ 32,044 രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ കരാറുകാരനിൽ നിന്നും തുക ഈടാക്കാൻ സാധിച്ചില്ലെങ്കിൽ തെറ്റായി ബിൽ തുക അനുവദിച്ചുനൽകിയ എഞ്ചിനീയറിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗത്തിന്റെ വിവരം താഴെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 500000 | ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി | 500000 | 0 |
| | | 800000 | സമഗ്രനെൽകൃഷി വികസനം (പ്രോജക്ട് നം. 22) | 0 | 800000 |
| | | 12500 | സമഗ്രനെൽകൃഷി വികസനം (പ്രോജക്ട് നം. 30) | 0 | 12500 |
| | | 450000 | ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് | 346640 | 103360 |
| | | 200000 | അങ്കണവാടി പോഷകാഹാരം (പ്രോജക്ട് നം. 38) | 200000 | 0 |
| | | 130000 | അങ്കണവാടി പോഷകാഹാരം (പ്രോജക്ട് നം. 45) | 126217 | 3783 |
| | | 200000 | തടയണക്കും, വിവിധ വാർഡുകളിൽ ചീപ്പ് നിർമ്മിക്കുന്നതിനും | 0 | 200000 |
| | | 500000 | മമ്പറമ്പ് പൂക്കാട്ട്മുക്ക് കുടിവെള്ളപദ്ധതി വാ.15 | 0 | 500000 |
| | | 500000 | കൈതക്കോടൻ മഠം റോഡ് വാ.13 | 500000 | 0 |
| | | 32757 | പാറപ്പുറം താഴിശ്ശേരി റോഡ് വാ.16 | 0 | 32757 |
| | | 1000000 | ശ്മശാനനിർമ്മാണം | 0 | 1000000 |
| | | 500000 | പിഎച്ച്സിയിൽ മുലയൂട്ടൽ റൂം | 228077 | 271923 |
| | | 80423 | ലൈഫ് പദ്ധതി വീട് നിർമ്മാണം (ജനറൽ) | 80423 | 0 |
| | | 225000 | ലൈഫ് പദ്ധതി വീട് നിർമ്മാണം (എസ്.സി) | 225000 | 0 |
| | | 200000 | കുട്ടംകുളം റോഡ് | 0 | 200000 |
| | | 300000 | കോട്ടയിൽ അമ്പലം | 0 | 300000 |

| | | | | | |
|---|---|---|---|---|---|
| | | | റോഡ് | | |
| | | 570000 | ലൈഫ് സ്ഥലം വാങ്ങൽ (ജനറൽ) | 0 | 570000 |
| | | 600000 | ലൈഫ് സ്ഥലം വാങ്ങൽ (എസ്.സി) | 0 | 600000 |
| | | 406370 | മാതൃകഹരിതഗ്രാമം | 0 | 406370 |
| | ആകെ | 1915510 | | 2206357 | 5000693 |
| ജില്ലാ പഞ്ചായത്ത് (ഒബി.1675365) | 2019-20 | 300000 | മമ്പറമ്പ് കുടിവെള്ളപദ്ധതി വാ.15 | 0 | 300000 |
| | | 800000 | സമഗ്രനെൽകൃഷി വികസനം | 0 | 800000 |
| | | 1500000 | ബി.ആർ.സി കെട്ടിടനിർമ്മാണം | 0 | 1500000 |
| | | 300000 | ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി | 300000 | 0 |
| | | 1000000 | ശ്മശാന നിർമ്മാണത്തിന് | 0 | 1000000 |
| | | 100000 | സമഗ്രപച്ചക്കറി വികസനം | 100000 | 0 |
| | | 1025000 | ലൈഫ് പദ്ധതി | 0 | 1025000 |
| | | 260840 | കിണർ റീചാർജ്ജിംഗ് | 0 | 260840 |
| | | 450000 | ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് | 369560 | 80440 |
| | | 221850 | വയോജനങ്ങൾക്ക് കട്ടിൽ (ജനറൽ) | 221850 | 0 |
| | | 221850 | വയോജനങ്ങൾക്ക് കട്ടിൽ (എസ്.സി) | 0 | 221850 |
| | | 220000 | ഭിന്നശേഷിക്കാർക്ക് മുച്ചക്രം നൽകുന്നതിന് | 0 | 220000 |
| | | 200000 | അംഗൻവാടി പോഷകാഹാരം | 200000 | 0 |
| | | 200000 | പൈനിപ്പാടം കുടിവെള്ളപദ്ധതി | 0 | 200000 |
| | | 1000000 | ചെറുകുന്ന് കോളനി റോഡ് (സൈഡ് കെട്ടൽ, കാന) വാ.11 | 0 | 1000000 |
| | | 1000000 | പഴയങ്ങാടി കുളം പുനരുദ്ധാരണം | 0 | 1000000 |
| | | 1000000 | മണ്ണാൻകോളനി റോഡ് (റീടാറിംഗ്, കാന) | 0 | 1000000 |
| | | 500000 | പാത്രമംഗലം ദുബായ് മദ്രസ റോഡ് | 0 | 500000 |
| | | 10299540 | | 1191410 | 9108130 |

തൻവർഷത്തിലെ പ്രോജക്ടുകൾക്കായി ജില്ലാ/ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയുടെ വിവരങ്ങളാണ് ഖണ്ഡികയിൽ ചേർത്തിരിക്കുന്നത്. വാർഷികകണക്കിലെ ബാലൻസ് തുകയുമായി ഖണ്ഡികയിലെ ബാലൻസ് പൊരുത്തപ്പെടുന്നില്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരം

ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർനം. / ചെക്ക്നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | 268/20 പോസ്റ്റ് മാറ്റുന്നതിന് | 21901271/31.03.20 | 16464/- | - | - |

തൻവർഷം നിർവ്വഹണ ഏജൻസികൾക്കായി നല്കിയ മുൻകൂർ തുകകൾ മാത്രമാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച്

ഇല്ല.

## 4-4 വായ്പ / വായ്പ തിരിച്ചടവ്

വായ്പ / വായ്പ തിരിച്ചടവ് വിവരം താഴെ ചേർക്കുന്നു

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം/ തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം വരവ് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ളത് |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| Hudco | ലഭ്യമല്ല | ലഭ്യമല്ല | 5302732 | 6022732 | 4736262 | 0 | 6589202 |

വാർഷിക കണക്ക് പ്രകാരമുള്ള വിവരങ്ങളാണ് ചേർത്തിരിക്കുന്നത്.

## 4-5 സ്ഥിര നിക്ഷേപങ്ങൾ സംബന്ധിച്ച വിവരം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി (2019-20)

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതിനം/ തിയതി |
|---|---|---|---|---|
| 2012-13 | 3-8 | 1400/- | Medical Officer PHC | 119240101654 Dated 22/08/2019 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2-2 | 2016-17 | 2-2 | തൊഴിൽ നികുതി 2015-16 | 30/07/2018 ലെ എ8/3501/18 നമ്പർ കത്ത് പ്രകാരം ആദ്യ മറുപടി നല്കിയിട്ടുണ്ട്. |

## 4-8 ചാർജ്ജ് സർചാർജ്ജ്

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,31,96,544 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,25,10,328 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 37,380 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,39,849 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 1966 | ശ്രീമതി. ലിസ.വി.എ, അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 3370 | ശ്രീമതി. സിജി ജോസ് അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 32,044 | ശ്രീമതി. ലിസ.വി.എ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 37380 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 73,774 | ശ്രീമതി. ലിസ.വി.എ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-30 | 1,26,576 | ശ്രീമതി. ലിസ.വി.എ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-31 | 9900 | ശ്രീമതി. സിജി ജോസ് അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-32 | 29599 | ശ്രീമതി. ലിസ.വി.എ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 2,39,849 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേര്, ഉദ്യോഗപ്പേര് | ഇപ്പോഴത്തെ മേൽവിലാസം (ഓഡിറ്റ് നടന്ന സമയം) | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ലിസ.വി.എ, അസിസ്റ്റന്റ് എഞ്ചിനീയർ | അസി.എഞ്ചിനീയർ, ചേർപ്പ് സബ്-ഡിവിഷൻ | മേക്കാട്ടുകുളം, ഒല്ലൂർ |
| ശ്രീമതി. സിജി ജോസ് അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. സിജി ജോസ് ,അസിസ്റ്റന്റ് എഞ്ചിനീയർ, വേലൂർ ഗ്രാമ പഞ്ചായത്ത് | തെക്കേകര തരകൻ ഹൗസ്, മാനവൽ ശാന്തി വിഹാർ, പോട്ടോർ-680 581 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 68-69,<br>72-73,<br>74-75,<br>75-76,<br>76-77,<br>77-78,<br>78-79,<br>79-80, | എൽ. എഫ്. ടി ( എസ് 2) / 816/ 11/ 29.7.11/ 30.9.11 |

| | |
|---|---|
| 80-81<br>88-89<br>89-90<br>90-91,<br>92-93<br>93-94<br>94-95<br>95-96 | എൽ. എഫ്. ടി ( എസ് 2) / 816/ 11/ 29.7.11/ 30.9.11 |
| 96-97 | എൽ .എഫ്.ടി 13- 607/98/6.2.99 |
| 97-98 | എൽ .എഫ്.ടി 13- 611/2000/14.6.2000 |
| 98-99 | എൽ .എഫ്.ടി 20- 167/01/7.6.01 |
| 99-00 | എൽ .എഫ്.ടി 17- 335/05/15.11.05 |
| 2000-01 ( പ്ലാൻ) & 01-02 | എൽ .എഫ്.ടി 17- 1762/03/26.2.04 |
| 01-02 (പ്ലാൻ) | എൽ .എഫ്.ടി 17- 451/06/30.3.06 |
| 2003-04 | എൽ .എഫ്.ടി 17- 1116/07/7.11.07 |
| 2004-05 | എൽ .എഫ്.ടി 17- 1669/08/14.6.10 |
| 2005-06 | എൽ .എഫ്.ടി 17- 343/10/18.3.11 |
| 2006-07 | എൽ .എഫ്.ടി 17- 344/10/18.3.2011/ 18.10.11 |
| 2007-08 | എൽ.എഫ്.ടി പി 2- 1091/12/24.9.2012 |
| 2008-09 | എൽ .എഫ്.ടി പി 2- 1090/12/24.9.12 |
| 2009-10 | എൽ .എഫ്.ടി പി (2)- 1084/12/24.9.12 |
| 2010-11 | എൽ .എഫ്.ടി പി (2)- 1085/12/24.9.12/ 02.02.13 |
| 2011-12 | എൽ.എഫ്.ടിപി(6)- 1123/13/ 11.12.13/3.2.14 |
| 2012-13 | എൽ .എഫ്.ടി പി (9)- 1521/14/12.1.15/ 17.3.15 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ (പി9)792/15 തീയതി 15.10.15/4.11.15 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ (പി9)864/16 തീയതി 01.06.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ (പി9)1/2017 തീയതി 30-01-2017 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ (പി6) 1370/2017 തീയതി, 28-11-2017/20-12-2017 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ (പി6) 51/2019 തീയതി, 17-01-2019 |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ (പി6) 323/2020 തീയതി, 19-05-2020 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ വേലൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ വേലൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്